# ലോക മിഷൻ ഞായർ – 2014

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്നും ധാരാളം പേർ ക്രിസ്തുവിനെ അറിയുന്നില്ല. അതുകൊണ്ട് ക്രിസ്തുവിനെ അറിയാത്തവരെ സംബന്ധിച്ച പ്രേഷിതവേല അടിയന്തിരസ്വാഭാവമുള്ള ഒന്നാണ്. സഭയുടെ എല്ലാ അംഗങ്ങളും ഈ ദൗത്യത്തിൽ പങ്കുചേരാൻ കടപ്പെട്ടവരാണ്. എന്തെന്നാൽ സഭ പ്രകൃത്യാ പ്രേഷിതയാണ്. 'മുന്നേറാൻ' ജനിച്ചവളാണു സഭ. ലോകമിഷൻദിനം സവിശേഷാനുകൂല്യമുള്ള ദിവസമാണ്. അന്ന് വിവിധ ഭൂഖണ്ഡങ്ങളിലെ വിശ്വാസികൾ, മിഷൻ പ്രദേശങ്ങളിലുള്ള യുവസഭകൾക്ക് സഹായം നല്കാൻ പ്രാർത്ഥിക്കുകയും മൂർത്തമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. അത് കൃപാവരത്തിന്റെയും സന്തോഷത്തിന്റെയും ആഘോഷമാണ്.

അതു കൃപാവരത്തിന്റെ ആഘോഷമാണ്. കാരണം, പിതാവ് അയച്ച പരിശുദ്ധാത്മാവ്, അവിടത്തെ പ്രവർത്തനത്തോടു വിധേയത്വമുള്ളവർക്ക് ജ്ഞാനവും ശക്തിയും നല്കുന്നു. അത് സന്തോഷത്തിന്റെ ആഘോഷമാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പുത്രനും ലോകത്തെ സുവിശേഷവത്കരിക്കാൻ അയയ്ക്കപ്പെട്ടവനുമായ യേശുക്രിസ്തു നമ്മുടെ പ്രേഷിതവേലയെ സഹായിക്കുകയും നമ്മോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്നു. യേശുവിന്റെയും പ്രേഷിതരായ ശിഷ്യരുടെയും സന്തോഷത്തിന് ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന (cf 10:21-23) ബൈബിൾപരമായ ഒരു ഐക്കൺ നിർദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിക്കാനും യേശുവിനെ കണ്ടുമുട്ടാൻ ജനങ്ങളെ ഒരുക്കാനും വേണ്ടി കർത്താവ് എഴുപത്തിരണ്ടു ശിഷ്യന്മാരെ ഈരണ്ടുപേരെവീതം നഗരങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും അയച്ചുവെന്നു സുവിശേഷകൻ പറയുന്നു. ഈ പ്രഘോഷണദൗത്യം നിർവഹിച്ചിട്ട് ശിഷ്യന്മാർ സന്തോഷഭരിതരായി തിരിച്ചുവന്നു. പ്രഥമവും അവിസ്മരണീയവുമായ ഈ പ്രേഷിതത്വാനുഭവത്തിന്റെ പ്രബലമായ ഒരു പ്രമേയം സന്തോഷമാണ്. എന്നാലും ദിവ്യഗുരു അവരോട് ഇങ്ങനെ പറഞ്ഞു: "പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോ

ഷിക്കേണ്ട; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ. ആ സമയം തന്നെ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടത്തെ ഞാൻ സ്തുതിക്കുന്നു... അവൻ ശിഷ്യരുടെ നേരേ തിരിഞ്ഞ് അവരോടു മാത്രമായി പറഞ്ഞു: നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ” (ലൂക്കാ 10:20–21;23).

വിശുദ്ധ ലൂക്കാ ഇവിടെ മൂന്നു രംഗങ്ങൾ അവതരിപ്പിക്കുന്നു: യേശു ആദ്യം തന്റെ ശിഷ്യരോടു സംസാരിക്കുന്നു. പിന്നീട് പിതാവിനോടും വീണ്ടും ശിഷ്യന്മാരോടും സംസാരിക്കുന്നു. തന്റെ സന്തോഷത്തിൽ ശിഷ്യന്മാർ പങ്കുകൊള്ളണമെന്ന് യേശു ആഗ്രഹിച്ചു. ശിഷ്യന്മാർ മുമ്പ് അനുഭവിച്ചിട്ടുള്ള എല്ലാ സന്തോഷങ്ങളിൽ നിന്നും വ്യത്യസ്തവും അവയെക്കാൾ വലുതുമാണ് ഈ സന്തോഷം.

2. ശിഷ്യന്മാർ സന്തോഷംകൊണ്ടു നിറഞ്ഞവരായി. പിശാചുക്കളിൽ നിന്ന് ആളുകളെ സ്വതന്ത്രരാക്കാനുള്ള കഴിവുകൊണ്ട് ഉത്തേജിതരായി. എന്നാൽ അവർ സ്വീകരിച്ച അധികാരത്തിലല്ല, അവർ സ്വീകരിച്ച സ്നേഹത്തിലാണ് കൂടുതൽ സന്തോഷിക്കേണ്ടതെന്ന് യേശു അവർക്കു മുന്നറിയിപ്പു നല്കി: “എന്തെന്നാൽ നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു” (ലൂക്കാ 10:20). ദൈവസ്നേഹത്തിന്റെ ഒരനുഭവം ശിഷ്യന്മാർക്കു നല്കപ്പെട്ടു. മാത്രമല്ല ആ സ്നേഹത്തിൽ പങ്കു ചേരാനുള്ള സാധ്യതയും അവർക്ക് നല്കപ്പെട്ടു. ഈ അനുഭവം യേശുവിന്റെ ഹൃദയത്തിൽ കൃതജ്ഞതയുടെയും സന്തോഷത്തിന്റെയും കാരണമായി. ലൂക്കാ സുവിശേഷകൻ ഈ സന്തോഷപ്രകടനത്തെ ത്രിത്വാത്മകസംസർഗത്തിന്റെ വീക്ഷണത്തിൽ കാണുന്നു. “യേശു പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും” പിതാവിങ്കലേക്കു തിരിഞ്ഞ് അവിടത്തെ സ്തുതിക്കുകയും ചെയ്തു. സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനും ജ്ഞാനികളിലും ബുദ്ധിമാന്മാരിലും നിന്നു മറച്ച് ഈ വസ്തുതകൾ ശിശുക്കൾക്കു വെളിപ്പെടുത്തിയവനുമായ (cf ലൂക്കാ 10:21) തന്റെ പിതാവിനോടുള്ള അളവറ്റ പുത്രനടുത്ത സ്നേഹത്തിൽ നിന്നാണ് അഗാധമായ സന്തോഷത്തിന്റെ ഈ നിമിഷം ഉദ്ഭവിക്കുന്നത്. ദൈവം മറച്ചുവയ്ക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. സ്തുതിയുടെ ഈ പ്രാർത്ഥനയിൽ അവിടത്തെ വെളിപ്പെടുത്തലാണ് ശ്രദ്ധേയമായിട്ടുള്ളത്. എന്താണ് ദൈവം വെളിപ്പെടുത്തുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നത്? തന്റെ രാജ്യത്തിന്റെ രഹസ്യങ്ങൾ, യേശുവിന്റെ ദൈവികകർത്തൃത്വത്തിന്റെ വെളിപ്പെടുത്തൽ,



സാത്താന്റെ മേലുള്ള വിജയം. തങ്ങളെക്കൊണ്ടുതന്നെ നിറഞ്ഞിരിക്കുകയും എല്ലാ കാര്യങ്ങളും തങ്ങൾക്ക് അറിയാമെന്ന് അവകാശപ്പെടുകയും ചെയ്യുന്നവരിൽ നിന്ന് ദൈവം ഇത് മറച്ചുവച്ചു. അവർ മുൻവിധികൊണ്ട് അന്ധരായിരിക്കുന്നു. ദൈവത്തിന് ഒരു സ്ഥാനവും അവർ നല്കുന്നില്ല. യേശു ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു നല്കിയവരും അവിടുത്തെ സമകാലികരുമായ ചിലരെപ്പറ്റി ചിന്തിക്കാൻ ആർക്കും എളുപ്പമുണ്ട്. പക്ഷേ, അപകടം എപ്പോഴുമുണ്ട്. അതു നമ്മെയും ബാധിക്കുന്നു. ചെറിയവർ എന്നു പറയുന്നത് വിനീതരും ലളിതഹൃദയരും ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും ശബ്ദമില്ലാത്തവരും ക്ഷീണിതരും ഭാരം വഹിക്കുന്നവരുമാണ്. അവരെയാണ് യേശു അനുഗൃഹീതരെന്നു വിളിച്ചത്. മറിയത്തെയും യൗസേപ്പിനെയും യേശു പ്രഘോഷിക്കാൻ പോയപ്പോൾ വിളിച്ച ഗലീലിയിലെ മത്സ്യബന്ധനക്കാരെയും ശിഷ്യന്മാർ എന്നിവരെയുംക്കുറിച്ച് നാം പെട്ടെന്ന് ചിന്തിക്കുന്നു.

3. “അതേ, പിതാവേ, അതായിരുന്നു അവിടത്തെ കൃപാപൂർണമായ അഭീഷ്ടം” (ലൂക്കാ 10:21). യേശുവിന്റെ ഈ വാക്കുകൾ അവിടത്തെ ആന്തരിക സന്തോഷാതിരേകത്തെ പരാമർശിക്കുന്നതായി മനസ്സിലാക്കണം. കൃപാപൂർണമായ എന്നത് മനുഷ്യവംശത്തെ സംബന്ധിച്ച് പിതാവിനുള്ള രക്ഷാകരവും ഉപകാരപ്രദവുമായ പദ്ധതിയെ വിവരിക്കുന്നു. ദൈവികമായ ഈ കൃപാപൂർണതയാണ് യേശുവിനെ സന്തുഷ്ടനാക്കിയത്. പിതാവ് തന്റെ പുത്രനോടുള്ള അതേ സ്നേഹത്തോടെ ജനങ്ങളെ സ്നേഹിക്കാൻ ഇഷ്ടപ്പെട്ടു. ഇതിനോടു സമാനമായ മറിയത്തിന്റെ സന്തോഷപ്രകടനവും ലൂക്കാസുവിശേഷകൻ സൂചിപ്പിക്കുന്നുണ്ട്: “എന്റെ ആത്മാവ് കർത്താവിന്റെ മഹത്ത്വത്തെപ്പറ്റി പ്രഘോഷിക്കുന്നു. എന്റെ മനസ്സ് എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു” (ലൂക്കാ 1:47). ഇതാണ് രക്ഷയിലേക്കു നയിക്കുന്ന സദ്വാർത്ത. അതിശ്രേഷ്ഠ സുവിശേഷപ്രഘോഷകനായ യേശുവിനെ ഉദരത്തിൽ വഹിക്കുന്ന മറിയം ഏലീശ്വായെ കണ്ടുമുട്ടുകയും പരിശുദ്ധാത്മാവിൽ സന്തോഷിക്കുകയും മഹത്ത്വകീർത്തനം (Magnificat) ആലപിക്കുകയും ചെയ്തു. യേശു തന്റെ ശിഷ്യരുടെ ദൗത്യനിർവഹണത്തിലുള്ള വിജയവും തത്ഫലമായി അവർക്കുണ്ടായ സന്തോഷവും കണ്ട് പരിശുദ്ധാത്മാവിൽ സന്തോഷിച്ചു. തന്റെ പിതാവിനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. ഈ രണ്ടുസംഭവങ്ങളിലും രക്ഷയ്ക്കായുള്ള പ്രവർത്തനത്തിലുള്ള സന്തോഷവും പിതാവിനു പുത്രനോടുള്ള സ്നേഹവും നമ്മിലേക്കു വരുന്നു. പരിശുദ്ധാത്മാവിലൂടെ അതു നമ്മിൽ നിറയുന്നു. പരിശുദ്ധത്രിത്വത്തിന്റെ ജീവിതത്തിൽ നമുക്കു പങ്കു നല്കുകയും ചെയ്യുന്നു.

പിതാവാണ് സന്തോഷത്തിന്റെ ഉറവിടം. പുത്രനാണ് അതിന്റെ ആവിഷ്കരണം, പരിശുദ്ധാത്മാവാണ് അതിന്റെ ദായകൻ. മത്തായി സുവിശേഷകൻ പറയുന്നതനുസരിച്ച് യേശു പിതാവിനെ സ്തുതിച്ചിട്ട് ഉടനെതന്നെ ഇങ്ങനെ പറഞ്ഞു: "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" (മത്താ 11:28-30). യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയത്തിലും ജീവിതത്തിലും സുവിശേഷത്തിന്റെ സന്തോഷം നിറയുന്നു. അവിടന്നു നല്കുന്ന രക്ഷയുടെ വാഗ്ദാനം സ്വീകരിക്കുന്നവർ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരിക ശൂന്യതയിൽ നിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരായിത്തീരുന്നു. ക്രിസ്തുവിനോടുകൂടെ സന്തോഷം നിരന്തരം പുതുതായി ജനിക്കുന്നു" *(Evangelii Gaudium, 1).*

യേശുവുമായുള്ള ഈ കണ്ടുമുട്ടലിന്റെ അനന്യമായ അനുഭവം കന്യകാമറിയത്തിനുണ്ടായി. അങ്ങനെ അവൾ "നമ്മുടെ സന്തോഷത്തിന്റെ കാരണ"മായിത്തീർന്നു. യേശുവിനെ അനുഗമിക്കാനും സുവിശേഷം പ്രഘോഷിക്കാൻ യേശുവിനാൽ അയയ്ക്കപ്പെടാനുമുള്ള വിളി ശിഷ്യന്മാർ സ്വീകരിച്ചു (cf മർക്കോ 3:14). അതുകൊണ്ട് അവർ സന്തോഷം നിറഞ്ഞവരായി. നമുക്കും എന്തുകൊണ്ട് ഈ സന്തോഷത്തിന്റെ അതിസമൃദ്ധിയിലേക്കു പ്രവേശിച്ചുകൂടാ?

4. "ഉപഭോഗസംസ്കാരം നിറഞ്ഞിരിക്കുന്ന ഇന്നത്തെ ലോകത്തിലെ വലിയ അപകടം ഇതാണ്: തൃപ്തിപ്പെട്ടതും എന്നാലും ദുരാഗ്രഹം നിറഞ്ഞതുമായ ഹൃദയത്തിൽ നിന്നുണ്ടാകുന്ന ഒറ്റപ്പെടലും തീവ്രവേദനയും, ക്ഷണികസുഖങ്ങൾക്കുവേണ്ടിയുള്ള ഭ്രാന്തമായ അന്വേഷണവും, മൂർച്ചയില്ലാത്ത മനസ്സാക്ഷിയും" *(Evangelii Gaudium, 2).* യേശുകൊണ്ടുവന്ന രക്ഷ സ്വീകരിക്കുകയെന്നത് മനുഷ്യവംശത്തിന്റെ വലിയ ഒരാവശ്യമാണ്. യേശുവിന്റെ സ്നേഹത്താൽ കൂടുതൽ കൂടുതൽ ആശ്ലേഷിക്കപ്പെട്ടവരും ദൈവരാജ്യത്തിനും സുവിശേഷസന്തോഷത്തിന്റെ പ്രഘോഷത്തിനുംവേണ്ടിയുള്ള വികാരാഗ്നിയാൽ മുദ്രിതരാക്കപ്പെട്ടവരുമാണ് അവിടത്തെ ശിഷ്യന്മാർ. കർത്താവിന്റെ എല്ലാ ശിഷ്യന്മാരും സുവിശേഷവത്കരണത്തിന്റെ



സന്തോഷം വളർത്താൻ കടപ്പെട്ടവരാണ്. ഈ പ്രഘോഷണത്തിന് ഒന്നാമതായി ഉത്തരവാദിത്വപ്പെട്ടവരാണു മെത്രാന്മാർ. ആ നിലയ്ക്ക് പ്രാദേശികസഭയിലെ പ്രേഷിതത്വസമർപ്പണത്തിലുള്ള ഐക്യം വളർത്താൻ അവർക്കു കടമയുണ്ട്. നിത്യം എത്തിച്ചേരാവുന്ന തങ്ങളുടെ അധികാരാതിർത്തിക്കുള്ളിലെന്നപോലെ ഏറ്റവും അകലെയുള്ള സ്ഥലങ്ങളിലും യേശുവിനെ അറിയിക്കുന്നതിലുള്ള സന്തോഷം അംഗീകരിക്കാൻ അവർക്കു കടമയുണ്ട്. അകലെയുള്ള പ്രദേശങ്ങളിൽ ദരിദ്രരിൽ വലിയ വിഭാഗം ഈ സന്ദേശം കാത്തിരിക്കുന്നുണ്ട്.

ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദികജീവിതത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവിക്കുന്നുണ്ട്. മിക്കപ്പോഴും ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിതതീക്ഷ്ണതയുടെ ആകർഷണമില്ലായ്മയാണ്. സമൂഹങ്ങൾ ആവേശരഹിതമാകുകയും ആകർഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിൽ നിന്നും ദരിദ്രരുമായി പങ്കുവയ്ക്കുന്നതിൽ നിന്നുമാണ് സുവിശേഷസന്തോഷം ഉണ്ടാകുന്നത്. ഇക്കാരണത്താൽ തീവ്രതയാർന്ന സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഇടവകസമൂഹങ്ങളെയും പ്രസ്ഥാനങ്ങളെയും ഗ്രൂപ്പുകളെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ആ ജീവിതം യേശുവിനോടുള്ള സ്നേഹത്തിലും ഏറ്റവും ദരിദ്രരായിട്ടുള്ളവരോടു പുലർത്തുന്ന താത്പര്യത്തിലും അടിയുറച്ചതായിരിക്കണം. ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുന്നതിലുള്ള സന്തോഷവും ആവേശവും ആഗ്രഹവും ഉള്ള സ്ഥലങ്ങളിലെല്ലാം യഥാർത്ഥ വിളികൾ ഉണ്ടാകും. ഈ വിളികളിൽ പ്രേഷിതവേലയ്ക്കായി അല്മായർക്കുള്ള വിളികളെ അവഗണിക്കരുത്. സഭയിൽ അല്മായർക്കുള്ള തനിമ, ദൗത്യം എന്നിവയെക്കുറിച്ച് വർധമാനമായ ബോധം ഉണ്ടായിട്ടുണ്ട്. സുവിശേഷപ്രചാരണത്തിൽ വർധമാനമായ പ്രാധാന്യമുള്ള ഒരു ധർമം ഏറ്റെടുക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നുവെന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഫലപ്രദമായ പ്രേഷിതപ്രവർത്തനത്തിനായി അവർക്ക് സമുചിതമായ പരിശീലനം നല്കണം.

5. "സന്തോഷപൂർവം നല്കുന്നവനെയാണ് ദൈവം സ്നേഹിക്കുന്നത്" (2 കോറി 9:7). വിജാതീയർക്കുവേണ്ടിയുള്ള പ്രേഷിതപ്രവർത്തനത്തിൽ സന്തോഷപൂർവം പങ്കെടുക്കാനുള്ള ആഗ്രഹവും ധാർമികകടമയും പുനരുജ്ജ്വലിപ്പിക്കാനുള്ള ഒരവസരവും കൂടിയായിരിക്കണം ലോകമിഷൻ ദിനാചരണം. വ്യക്തികൾ നല്കുന്ന സാമ്പത്തികസഹായം ഒന്നാമതായി

കർത്താവിനും രണ്ടാമതായി മറ്റുള്ളവർക്കും ആത്മസമർപ്പണം നടത്തുന്നതിന്റെ ഒരടയാളമാണ്. ഇങ്ങനെ സ്നേഹത്തിൻമേൽ പടുത്തുയർത്തപ്പെട്ട ഒരു മനുഷ്യവംശത്തിനായുള്ള സുവിശേഷവത്കരണത്തിനുള്ള ഒരു മാർഗമായിത്തീരും ഈ ഭൗതിക സംഭാവന.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ ആഗോളമിഷൻ ദിനത്തിൽ ഞാൻ പ്രാദേശികസഭകളെപ്പറ്റി ചിന്തിക്കുന്നു. നമ്മൾ സുവിശേഷവത്കരണത്തിന്റെ സന്തോഷം പിടിച്ചുപറിക്കപ്പെട്ടവരാകാതിരിക്കട്ടെ! സുവിശേഷസന്തോഷത്തിൽ മുങ്ങാനും നിങ്ങളുടെ വിളിയും ദൗത്യവും പ്രകാശിപ്പിക്കാൻ കഴിയുന്ന ഒരു സ്നേഹം വളർത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ആന്തരിക തീർത്ഥാടനം നടത്തുന്നവരെന്ന നിലയിൽ നിങ്ങളുടെ ഹൃദയത്തെ യേശുക്രിസ്തു ഊഷ്മളമാക്കാൻ നല്കിയ "പ്രഥമസ്നേഹ"ത്തെക്കുറിച്ച് ഓർമിക്കാൻ ഞാൻ നിങ്ങളെ ഓരോരുത്തരെയും ക്ഷണിക്കുന്നു. ആ സ്നേഹം ഗൃഹാതുരത്വത്തിനുവേണ്ടിയല്ല സന്തോഷത്തിൽ സ്ഥിരം നിലനില്ക്കുന്നതിനുവേണ്ടിയാണ് ഓർമ്മിക്കേണ്ടത്. കർത്താവിന്റെ ശിഷ്യന്മാർ അവിടത്തെ സാന്നിധ്യം മനസ്സിലാക്കുകയും അവിടത്തെ ഇഷ്ടം നിറവേറ്റുകയും തങ്ങളുടെ വിശ്വാസവും പ്രത്യാശയും സുവിശേഷാത്മകസ്നേഹവും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുമ്പോൾ സന്തോഷത്തിൽ സ്ഥിരം മുന്നേറും.

വിനീതവും സന്തോഷപൂർണവുമായ സുവിശേഷവത്കരണത്തിന്റെ മാതൃകയായ മറിയത്തിന്റെ മധ്യസ്ഥതയിലൂടെ നമുക്കു പ്രാർത്ഥിക്കാം. സഭ എല്ലാ ജനതകൾക്കും സ്വാഗതമരുളുന്ന ഭവനവും അമ്മയും നമ്മുടെ ലോകത്തിന്റെ പുനർജനനത്തിനുള്ള ഉറവിടവും ആയിത്തീരാൻ വേണ്ടി പ്രാർത്ഥിക്കാം.

Franciscus

ഫ്രാൻസിസ് പാപ്പാ

വത്തിക്കാൻ
8 ജൂൺ 2014,
പെന്തക്കുസ്താത്തിരുനാൾ



# സുവിശേഷവത്കരണ പശ്ചാത്തലത്തിൽ കുടുംബ അജപാലനം നേരിടുന്ന വെല്ലുവിളികൾ

**2014 ഒക്ടോബർ 5 മുതൽ 19 വരെ നടക്കുന്ന സിനഡിന്റെ മാർഗ്ഗരേഖ**

സുവിശേഷവത്കരണ പശ്ചാത്തലത്തിൽ കുടുംബ അജപാലനം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് 2014 ഒക്ടോബർ 5 മുതൽ 19 വരെ നടക്കുന്ന അസാധാരണ റോമൻ സിനഡും (സൂനഹദോസും) 2014-ലെ സാധാരണ സിനഡും (സൂനഹദോസും) നമ്മുടെ കുടുംബങ്ങളെക്കുറിച്ച് ഗൗരവപൂർവം ചിന്തിക്കാൻ അവസരമാകണം. ലോകമെമ്പാടുമുള്ള ആളുകളുടെ അഭിപ്രായങ്ങൾ ശേഖരിച്ച്, സിനഡിനുള്ള പ്രവർത്തനരേഖ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയ്ക്ക് മൂന്ന് ഭാഗങ്ങളാണുള്ളത്.

**ഒന്നാം ഭാഗം - കുടുംബത്തെക്കുറിച്ചുള്ള സുവിശേഷം ഇന്നത്തെ ലോകത്ത് അവതരിപ്പിക്കുക.**

കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി, കുടുംബത്തെ സംബന്ധിച്ച വിശുദ്ധ ഗ്രന്ഥത്തിന്റെയും സഭയുടെയും പ്രബോധനങ്ങളെക്കുറിച്ചുള്ള വിശ്വാസികളുടെ അറിവും സ്വാംശീകരണവും, കുടുംബത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങളും സ്വാഭാവിക നിയമവും, കുടുംബങ്ങളിൽ ഓരോ വ്യക്തിക്കും മിശിഹായിൽ ഉള്ള വിളി എന്നിവയാണ് ഒന്നാം ഭാഗത്ത് പ്രധാനമായും പ്രതിപാദിക്കുന്നത്.

**വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനവും**

ജനങ്ങൾക്ക് വിശുദ്ധഗ്രന്ഥത്തെക്കുറിച്ച് സാമാന്യമായ അറിവുണ്ടെന്ന് റിപ്പോർട്ടുകൾ കാണിക്കുന്നു. എന്നാൽ, വിശദമായ അറിവില്ല. ഭാര്യയും ഭർത്താവും ഒരാൾ മറ്റേ ആൾക്കുവേണ്ടി ജീവിക്കണം, സന്താനങ്ങളെ ജനിപ്പിക്കുന്നതിൽ ദൈവത്തോടു സഹകരിക്കണം (ഉത്പ 1:26-28; 2:18-25), മാനുഷിക സ്നേഹം എന്നത് ദൈവികസ്നേഹം പ്രതിഫലിപ്പിക്കുന്നതാകണം (ഉത്തമഗീതം, പ്രവാചകഗ്രന്ഥങ്ങൾ), ഈശോയുടെ മണവാളനടുത്ത സ്നേഹം ഭാര്യാഭർത്താക്കന്മാർ ജീവിക്കണം എന്നീ കാര്യങ്ങളെക്കുറിച്ച് അവർക്കറിയാം (യോഹ 3:29; എഫേ 5:31-32). എന്നാൽ, ഹുമാനേ വീത്തേ, കുടുംബം ഒരു കൂട്ടായ്മ, കുടുംബങ്ങൾക്കൊരു കത്ത്, ജീവന്റെ സുവിശേഷം, ദൈവം സ്നേഹമാകുന്നു തുടങ്ങി കുടുബങ്ങളുമായി ബന്ധപ്പെട്ട പ്രധാന രേഖകളെയോ, അവ നൽകുന്ന പ്രബോധനങ്ങളെയോ സംബന്ധിച്ച് വിശ്വാസികൾക്ക് വ്യക്തമായ ധാരണയില്ല. അവ പഠിപ്പിക്കാനുള്ള കർമ്മപദ്ധതികൾ സഭ കരുപ്പിടിപ്പിക്കേണ്ടതുണ്ട് (സഭ ആധുനികലോകത്തിൽ, 47-52).

സഭാപ്രബോധനം ശരിയായി നല്കിയാൽ വിവാഹം, കുടുംബം എന്നിവയുടെ ആധികാരികവും മാനുഷികവും ക്രൈസ്തവികവുമായ സൗന്ദര്യം വിശ്വാസികൾ സ്വീകരിക്കുമെന്നാണ് പൊതുവെയുള്ള അഭിപ്രായം. അതിന് വൈദികർ പ്രത്യേകം സജ്ജരാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യഥാർത്ഥ വിശ്വാസയാത്രയിലേയ്ക്ക് ക്രൈസ്തവർ നയിക്കപ്പെടുകയാണ് വേണ്ടത്. അതിന് യഥാർത്ഥവും പ്രായോഗികവുമായ പരിശീലന പരിപാടികൾ കരുപ്പിടിക്കാൻ സഭ ബദ്ധശ്രദ്ധയാകുക തന്നെ വേണം. കരുണയും നിരന്തരമായ പരിഗണനയും ശ്രദ്ധയും സഭയുടെ ഭാഗത്തുനിന്നുണ്ടാകണം.

**സഭാപ്രബോധനങ്ങളും സ്വാഭാവിക നിയമങ്ങളും**

പ്രകൃതിയുടെ വസ്തുനിഷ്ഠക്രമത്തോടും സാർവത്രിക നിയമത്തോടും ബന്ധപ്പെടുത്താതെ തീർത്തും വ്യക്തിപരമായ തോന്നലുകൾക്കും വികാരങ്ങൾക്കും വലിയ മൂല്യം കല്പിക്കുന്നത് ഇന്നിന്റെ ഒരു പ്രത്യേകതയാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ സ്വയംഭരണാവകാശത്തിന് പ്രാമുഖ്യം നല്കുന്നു. എല്ലാം വ്യക്തിനിഷ്ഠമായി വിലയിരുത്തപ്പെടുന്നു. സ്വവർഗരതി, കൃത്രിമജീവോത്പാദനം, ഗർഭച്ഛിദ്രം, ലൈംഗികതയെ ജീവശാസ്ത്രപരതയിൽ നിന്ന് വേർപെടുത്തി സാമൂഹികവ്യവസ്ഥിതിയുടെയും ആവശ്യങ്ങളുടെയും ഉത്പന്നമായി മാത്രം കാണുക എന്നിവ അതിന്റെ പരിണിതഫലമാണ്. വ്യക്തിയും സമൂഹവും നിശ്ചയിക്കുന്നത് സ്വാഭാവികമായി കാണുന്നു. ഇന്ന് നിർമ്മിക്കപ്പെടുന്ന ചില നിയമങ്ങളും അതുകൊണ്ട് ആളുകൾ ശരിയാണെന്നു കരുതുന്നു (നൈയാമിക പോസിറ്റിവിസം). സ്നേഹമുള്ളിടത്തോളം കാലം വൈവാഹികബന്ധം എന്ന നിലപാട് ഉണ്ടാകുന്നു. പ്രകൃതിനിയമത്തെക്കുറിച്ച് ശരിയായ ധാരണ ഇല്ലാത്തതാണ് ഇതിനു കാരണം.

**കുടുംബങ്ങളിൽ വ്യക്തികൾക്ക് മിശിഹായിലുള്ള വിളി**

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിവാഹവും കുടുംബവും അമൂല്യസമ്പത്താണ്. മനുഷ്യവർഗത്തിന്റെ നന്മയാണ്. ജീവന്റെ പോഷണവേദിയും മനുഷ്യത്വത്തിന്റെ പഠനക്കളരിയുമാണ്; മനുഷ്യന്റെ രഹസ്യവിളിയും അവന് മിശിഹാ വെളിവാക്കുന്ന സവിശേഷാനുകൂല്യമുള്ള സ്ഥാനുമാണ്. സാഹോദര്യം, സത്യസന്ധത, സത്യം തലമുറകൾ തമ്മിൽ ആദരം, ഐക്യദാർഢ്യം, ആശയവിനിമയകല, സ്ത്രീടെയും പുരുഷന്റെയും മഹത്ത്വം വളർത്തൽ എന്നിവ നടക്കുന്നത് പ്രാഥമിക മനുഷ്യസമൂഹമായ കുടുംബത്തിലാണ്.

കുടുംബത്തിൽ സ്നേഹത്തിനു വലിയ പ്രാധാന്യമുണ്ട്. കുടുംബം ജീവന്റെയും സ്നേഹത്തിന്റെയും ഉറ്റസമൂഹമാണല്ലോ (സഭ ആധുനിക ലോകത്തിൽ, 48). സ്നേഹപൂർണരായ മാതാപിതാക്കന്മാരുടെ ഊഷ്മളത, സംരക്ഷണം എന്നിവ കൊണ്ടുണ്ടാകുന്ന സമാധാനാന്തരീക്ഷത്തിൽ വേണം ഓരോ ശിശുവും ജീവിക്കാൻ. കുടുംബബന്ധങ്ങൾ ശിഥിലമാകുമ്പോൾ ഏറെ വിഷമിക്കേണ്ടിവരുന്നത് കുട്ടികളാണ്. കുട്ടികളുടെ പരിശീലനത്തിൽ അപ്പനും അമ്മയ്ക്കും വ്യത്യസ്തമായ ദൗത്യങ്ങളാണുള്ളതെങ്കിലും ഉത്തരവാദിത്വത്തിൽ തുല്യപ്രാധാന്യമുണ്ട്. വിശ്വാസത്തിനു സാക്ഷ്യംവഹിച്ചുകൊണ്ട്, അത് മക്കളിലേക്ക് കൈമാറാണം. പ്രാർത്ഥനയും മതാനുഷ്ഠാനങ്ങളും വഴി കുട്ടികൾ വിശ്വാസത്തിൽ വളരും.

**രണ്ടാം ഭാഗം - പുതിയ വെല്ലുവിളികളുടെ വെളിച്ചത്തിൽ കുടുംബങ്ങൾക്കുവേണ്ടിയുള്ള സഭയുടെ അജപാലന പദ്ധതി**

കുടുംബപ്രേഷിതരംഗത്ത് മെത്രാന്മാരുടെയും വൈദികരുടെയും ഉത്തരവാദിത്വം, കുടുംബ അജപാലനത്തിൽ വേണ്ട പരിശുദ്ധാത്മ കൃപാവരങ്ങൾ, വിവാഹഒരുക്കം, കുടുംബ ആദ്ധ്യാത്മികത തുടങ്ങിയവയെക്കുറിച്ച് ആദ്യം പ്രതിപാദിക്കുന്നു. അതിനുശേഷം കുടുംബത്തിനുള്ളിലെ നിർണ്ണായക പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നു.

**കുടുംബത്തിനുള്ളിലെ നിർണ്ണായക പ്രശ്നങ്ങൾ**

ബന്ധങ്ങൾ നിലനിർത്താനും ആശയവിനിമയം നടത്താനുമുള്ള പ്രയാസം, പിതാവിന്റെ സ്നേഹം ലഭിക്കാത്ത അവസ്ഥ, വിവാഹമോചനവും വേർപെടലും, മാതാപിതാക്കന്മാരിൽ ഒരാൾ മാത്രമുള്ള അവസ്ഥ, നിയമപരമല്ലാത്ത വിവാഹങ്ങൾ, ബഹുഭാര്യാത്വം, ജീവനോട് തുറവില്ലാത്ത മനോഭാവം, ഗർഭച്ഛിദ്രം, ഗർഭനിരോധനമനോഭാവം, മാനസിക-ശാരീരിക-ലൈംഗിക അക്രമവും ദുരുപയോഗവും, പണത്തിന് അമിതപ്രാധാന്യം, ലൈംഗിക അരാജകത്വം, മാധ്യമങ്ങളുടെ നിഷേധാത്മക സ്വാധീനം, അമിതമായി ഭാരപ്പെടുത്തുന്ന തൊഴിൽ സാഹചര്യങ്ങൾ, കുടിയേറ്റം, കുടിയേറ്റം, ദാരിദ്ര്യമുള്ള കുടുംബങ്ങൾ, ഉപഭോഗസംസ്കാരം, ധാരാളിത്തശൈലി, കുടുംബവും സമൂഹവും കുട്ടികളുടെമേൽ വയ്ക്കുന്ന അമിത പ്രതീക്ഷകൾ, തുടർന്ന് പ്രയാസം നിറഞ്ഞ അജപാലന സാഹചര്യങ്ങൾ അവതരിപ്പിക്കുന്നു.

കുടിയേറ്റത്താമസം, യുദ്ധം കാരണം അന്യരാജ്യത്ത് അഭയം തേടേണ്ടിവരുന്ന കുടുംബങ്ങൾ, മതവ്യത്യാസമുള്ള വിവാഹങ്ങൾ, ശാരീരിക-മാനസികരോഗങ്ങൾക്കൊണ്ട് വലയുന്ന കുടുംബങ്ങൾ, കുടുംബാംഗങ്ങളുടെ മരണം കൊണ്ട് വിഷമിക്കുന്ന കുടുംബങ്ങൾ, ജനനനിരക്കു കുറയൽ, സെക്ടുകളുടെ വ്യാപനം, നിഗൂഢരഹസ്യാഭ്യാസനം - ഗൂഢവിദ്യ - മാജിക്, മന്ത്രവാദം എന്നിവ നടത്തുന്ന കുടുംബങ്ങൾ, വേർപിരിഞ്ഞവർ, വിവാഹമോചനം നേടിയവർ, വിവാഹമോചനം നേടി പുനർവിവാഹം ചെയ്തവർ, പ്രായപൂർത്തിയാകാത്ത അമ്മമാർ, സ്വവർഗബന്ധവും കുട്ടികളെ ദത്തെടുക്കലും.

ഇങ്ങനെ ഏറെ പ്രതിസന്ധികളിലൂടെയാണ് ഇന്നത്തെ കുടുംബങ്ങൾ നീങ്ങുന്നത്. അതിനാൽ നിതാന്തജാഗ്രതയും ബോധവത്കരണവും സുവിശേഷാത്മക സാക്ഷ്യവും സഹായവും സഭയുടെ ഭാഗത്തുനിന്നു

ണ്ടാകണം. പ്രതിസന്ധികളിൽ അകപ്പെട്ട കുടുംബങ്ങളെ ഉദ്ധരിക്കുവാൻ പ്രത്യേകം കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണം.

**മൂന്നാം ഭാഗം – ജീവനോടുള്ള തുറവിയും കുട്ടികളെ വളർത്തുന്നതിൽ മാതാപിതാക്കന്മാർക്കുള്ള ഉത്തരവാദിത്വവും**

ജീവനെയും ലൈംഗീകതയെയും കുറിച്ചുള്ള സഭയുടെ പ്രബോധനം ഇന്നത്തെ മതനിരപേക്ഷമായ സമൂഹം സ്വീകരിക്കാൻ മടിക്കുന്നു. എങ്കിലും സഭയ്ക്ക് പ്രകൃതിപരവും സുവിശേഷപരവുമായ മുഴുവൻ ധാർമ്മികതയും ദൃഢമായി പ്രഘോഷിക്കാതിരിക്കാൻ പറ്റില്ല (മനുഷ്യജീവൻ, 18). ദാമ്പത്യസ്നേഹവും പ്രജനനവും തമ്മിലുള്ള അഭേദ്യമായ ബന്ധം സഭ എടുത്തുകാട്ടുന്നു. അതിന്റെ വെളിച്ചത്തിലാണ് സ്വാഭാവിക രീതികളും ഗർഭനിരോധനവും തമ്മിലുള്ള വ്യത്യാസം സഭ പഠിപ്പിക്കുന്നത്. സ്വഭാവരീതികൾ മാനുഷിക പരിസ്ഥിതിയെയും ദമ്പതികൾ തമ്മിലുള്ള ബന്ധത്തിന്റെ മഹത്ത്വത്തെയും പ്രകടമാക്കുന്നതാണ്. എച്ച്.ഐ.വി./എയ്ഡ്സ് തടയുന്നതിനെക്കുറിച്ച് പറയുമ്പോഴും വ്യക്തിയെയും ബന്ധങ്ങളെയും പരിഗണിക്കുന്ന ഒരു വീക്ഷണമാണ് സഭ പഠിപ്പിക്കുന്നത്. യഥാർത്ഥ മാനുഷിക ജീവിതരീതി പരിപോഷിപ്പിക്കാനും ശ്രമിക്കുന്നു. ഇന്നു പൊതുവിൽ ലോകമെങ്ങും ഗർഭനിരോധന മനോഭാവത്തിന്റെ വ്യക്തിവാദപരമായ നരവംശശാസ്ത്രത്തിന്റെയും വ്യാപനമാണുള്ളത്. അതിന്റെ ഫലം ജനസംഖ്യ കുത്തനേ കുറയുന്നുവെന്നതാണ്. ആ കുറവിന്റെ മാനുഷികവും സാമൂഹികവുമായ പരിണിതഫലങ്ങൾ വേണ്ടവിധം പരിഗണിക്കുന്നില്ല. ജീവനോടുള്ള തുറവ് സാമൂഹികപ്രശ്നങ്ങളോടും തൊഴിലിനോടും ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ, കുട്ടികളെ ജനിപ്പിച്ചു വളർത്താൻ സാധിക്കുന്ന സാഹചര്യം ഈ രംഗങ്ങളിൽ ഉണ്ടാവുക ആവ്യമാണ്.

കുട്ടികളെ വളർത്തുന്നതിലുള്ള വെല്ലുവിളികളും ഇന്ന് ഏറെയാണ്. ഇക്കാര്യത്തിൽ മാതാപിതാക്കൾക്ക് സഹായം ലഭിക്കണം. ഇന്ന് മാതാപിതാക്കന്മാർ മതപരമായ കാര്യങ്ങളിൽ കുട്ടികളുടെമേൽ ഒരു സമ്മർദ്ദവും ചെലുത്തുന്നില്ല. കുടുംബങ്ങളും വിദ്യാലയങ്ങളും ക്രൈസ്തവസമൂഹങ്ങളും ഒന്നു ചേർന്ന് വിദ്യാദാനം നടത്തണം. വിശ്വാസകൈമാറ്റവും ക്രൈസ്തവവളർത്തലും യഥാർത്ഥ ജീവിതസാക്ഷ്യത്തിൽ നിന്നു വരണം. ക്രമരഹിത സാഹചര്യത്തിൽ ജീവിക്കുന്ന കുടുംബങ്ങൾക്ക് കൂടുതൽ അജപാലന ശുശ്രൂഷ ആവശ്യമാണ്. ചുരുക്കത്തിൽ സിനഡിൽ ചർച്ച ചെയ്യാനുള്ള ഈ രേഖ കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥ, കുടുംബ അജപാലനം നേരിടുന്ന വെല്ലുവിളികൾ, കുടുംബത്തെ സംബന്ധിച്ച പരിചിന്തനങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. നമ്മുടെ കുടുബാംഗങ്ങളുടെ നവീകരണത്തിനും വിശുദ്ധീകരണത്തിനും പ്രവർത്തനരേഖ സഹായകമാകട്ടെ.



# പ്രാർത്ഥനാദിനം

## മെത്രാന്മാരുടെ സിനഡിന്റെ 3-ാം അസാധാരണ സമ്മേളനത്തിന്റെ വിജയത്തിന്

### 2014 സെപ്തംബർ 28 ഞായർ

2014 സെപ്തംബർ 28-ാംതീയതി ഞായറാഴ്ച മെത്രാന്മാരുടെ സിനഡിന്റെ 3-ാം അസാധാരണ സമ്മേളനത്തിനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്കായി മാറ്റിവച്ചിരിക്കുന്നു. ആ സമ്മേളനം ഒക്ടോബർ 5 മുതൽ 19 വരെയായിരിക്കും. സമ്മേളനവിഷയം "കുടുംബങ്ങൾ നേരിടുന്ന അജപാലനപരമായ വെല്ലുവിളികൾ: സുവിശേഷവത്കരണത്തിന്റെ സാഹചര്യത്തിൽ" എന്നതാണ്.

പ്രാദേശികസഭകളും ഇടവകസമൂഹങ്ങളും സന്ന്യസ്തരുടെ സ്ഥാപനങ്ങളും സംഘടനകളും പ്രസ്ഥാനങ്ങളും കുർബാനയുടെ സമയത്തും ലിറ്റർജിപരമായ മറ്റ് അനുഷ്ഠാനങ്ങളിലും ഈ നിയോഗത്തോടെ പ്രാർത്ഥിക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. സമ്മേളനത്തിനുമുമ്പുള്ള ദിവസങ്ങളിലും സമ്മേളനം നടക്കുന്ന ദിവസങ്ങളിലും അപ്രകാരം പ്രാർത്ഥിക്കണം. വിശ്വാസികൾ വ്യക്തിപരമായും, പ്രത്യേകിച്ച് എല്ലാ കുടുംബങ്ങളിലും, ഈ പ്രാർത്ഥനകളിൽ പങ്കുചേരാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പാ രചിച്ച "സിനഡിനുവേണ്ടി തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന" എല്ലാകുടുംബങ്ങളിലും ചൊല്ലാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ പ്രാർത്ഥനയിൽ / മധ്യസ്ഥപ്രാർത്ഥനയിൽ താഴെപ്പറയുന്ന നിയോഗങ്ങൾ ഉൾപ്പെടുത്തണം. സെപ്തംബർ 28-ലെ കുർബാനയിൽ അവ ഉൾപ്പെടുത്തണം. കാനോനജപത്തിലെ ഉച്ച പ്രാർത്ഥയിലും സായാഹ്നപ്രാർത്ഥനയിലും അവ ഉൾപ്പെടുത്തണം. സിനഡിന്റെ സമ്മേളനകാലത്ത് കൊന്തനമസ്കാരം നടത്തുകയും വേണം.

**I. സിനഡിനുവേണ്ടി തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന**

ഈശോ മറിയം യൗസേപ്പേ, നിങ്ങളിലുള്ള യഥാർത്ഥ സ്നേഹത്തിന്റെ പ്രഭയെക്കുറിച്ച് ഞങ്ങൾ ധ്യാനിക്കുന്നു. ആത്മധൈര്യത്തോടെ ഞങ്ങൾ നിങ്ങളിലേക്കു തിരിയുന്നു.

നസ്രസ്സിലെ തിരുക്കുടുംബമേ, ഞങ്ങളുടെ കുടുംബങ്ങളും ഐക്യ

ത്തിന്റെയും പ്രാർത്ഥനയുടെയും കേന്ദ്രങ്ങളും സുവിശേഷത്തിന്റെ യഥാർത്ഥവിദ്യാലയങ്ങളും ചെറിയ ഗൃഹസഭകളുമാകാൻ അനുഗ്രഹിക്കണമേ.

നസ്രസ്സിലെ തിരുക്കുടുംബമേ, കുടുംബങ്ങൾ ഇനി മേൽ ഒരിക്കലും അക്രമവും പരിത്യജിക്കലും വിഭജനവും അനുഭവിക്കാൻ ഇടയാകാതിരിക്കട്ടെ. ദ്രോഹിക്കപ്പെട്ടവരും ഉതപ്പിന് വിധേയരാക്കപ്പെട്ടവരും ആശ്വാസവും സൗഖ്യവും എളുപ്പത്തിൽ കണ്ടെത്താൻ ഇടയാകട്ടെ.

നസ്രസ്സിലെ തിരുക്കുടുംബമേ, കുടുംബത്തിന്റെ പവിത്രതയും അലംഘനീയതയും ദൈവികപദ്ധതിയിൽ അതിനുള്ള സൗന്ദര്യവും ഒരിക്കൽക്കൂടി ഞങ്ങളെ ഓർമ്മിപ്പിക്കാൻ ആസന്നമായിരിക്കുന്ന മെത്രാന്മാരുടെ സമ്മേളനം കാരണമാകട്ടെ.

ഈശോ മറിയം യൗസേപ്പേ, കരുണാപൂർവം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ആമേൻ

## II. വിശ്വാസികളുടെ പ്രാർത്ഥന/മധ്യസ്ഥപ്രാർത്ഥന

സഹോദരീസഹോദരന്മാരേ,

ദൈവകുടുംബമെന്ന നിലയിൽ സമ്മേളിക്കുകയും നമ്മുടെ വിശ്വാസത്താൽ പ്രചോദിതരാവുകയും ചെയ്ത നമുക്ക് മനസ്സുകളെയും ഹൃദയങ്ങളെയും സ്വർഗീയ പിതാവിങ്കലേക്ക് ഉയർത്താം. നമ്മുടെ കുടുംബങ്ങൾ ക്രിസ്തുവിന്റെ കൃപാവരത്താൽ താങ്ങി നിറുത്തപ്പെട്ട് നമ്മൾ എല്ലാവരും ജീവിക്കുകയും ദൈവസ്നേഹത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന യഥാർത്ഥ ഗൃഹസഭകളായിത്തീരട്ടെ.

**നമുക്ക് പ്രാർത്ഥിക്കാം:**

കർത്താവേ, ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കുകയും പവിത്രീകരിക്കുകയും ചെയ്യണമേ

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

**ഫ്രാൻസിസ് മാർപാപ്പായ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

സ്നേഹത്തിൽ സഭയുടെ അധ്യക്ഷനായിരിക്കാൻ കർത്താവ് അദ്ദേഹത്തെ വിളിച്ചു. മെത്രാൻ സംഘത്തിന്റെയും മുഴുവൻ ദൈവജനത്തിന്റെയും കൂട്ടായ്മയ്ക്കായുള്ള സേവനത്തിൽ ശുശ്രൂഷ ചെയ്യാൻ അദ്ദേഹത്തെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, ........



**സിനഡുപിതാക്കന്മാർക്കുവേണ്ടിയും മെത്രാന്മാരുടെ സിനഡിന്റെ മൂന്നാം അസാധാരണ സമ്മേളത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവർക്കുവേണ്ടിയും നമുക്കു പ്രാർത്ഥിക്കാം.**

കർത്താവിന്റെ പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കട്ടെ. കുടുംബം നേരിടുന്ന വെല്ലുവിളികളെ ദൈവികപദ്ധതിയോടുള്ള വിശ്വസ്തതയിൽ സഭ പ്രതികരിക്കാൻ ഇടയാകണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു: കർത്താവേ, ........

**രാഷ്ട്രങ്ങളെ ഭരിക്കാൻ ഉത്തരവാദിത്വമുള്ളവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.**

ദൈവികപദ്ധതി പ്രകാരം സമൂഹത്തിന്റെ മൗലികഘടകമെന്ന നിലയിൽ കുടുംബത്തിന്റെ മൂല്യം അംഗീകരിക്കുന്നവയും പ്രയാസങ്ങളിൽ കുടുംബങ്ങളെ സഹായിക്കുന്നവയുമായ പദ്ധതികൾ നടപ്പിലാക്കാൻ അവരെ പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, ........

**ക്രൈസ്തവകുടുംബങ്ങൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

ഭാര്യാഭർത്താക്കന്മാരുടെ ഐക്യത്തെ തന്റെ സാന്നിധ്യം കൊണ്ട് മുദ്രവച്ച കർത്താവ് നമ്മുടെ കുടുംബങ്ങളെ നസ്രസ്സിലെ കുടുംബത്തിന്റെ മാതൃകയിൽ പ്രാർത്ഥനയുടെ ശാലകളും ജീവന്റെയും സ്നേഹത്തിന്റെയും തീവ്രതയുള്ള സമൂഹങ്ങളുമാക്കുവാൻവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ........

**പ്രയാസങ്ങൾ അനുഭവിക്കുന്ന ദമ്പതികൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം:**

ക്ഷമിക്കലിലേക്കും അനുരഞ്ജനത്തിലേക്കുമുള്ള അവരുടെ യാത്രയിൽ ധാരണയും ക്ഷമയും പ്രദർശിപ്പിക്കുന്ന സഭയുടെ മാതൃത്വപരമായ ശ്രദ്ധയിലൂടെയും താത്പര്യത്തിലൂടെയും കരുണാസമ്പന്നനായ കർത്താവ് അവരുടെയിടയിൽ സന്നിഹിതനായിരിക്കാൻവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, ........

**സുവിശേഷത്തെപ്രതി മാതൃദേശം വിട്ടു പലായനം ചെയ്യാൻ നിർബന്ധിക്കപ്പെട്ട കുടുംബങ്ങൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.**

മറിയത്തോടും യൗസേപ്പിനോടുംകൂടെ വിപ്രവാസം അനുഭവിച്ച കർത്താവ് തന്റെ കൃപകൊണ്ട് അവരെ ആശ്വസിപ്പിക്കുന്നിതിനും അവർക്ക് സഹോദര്യപരമായ സ്നേഹത്തിന്റെയും മാനുഷികമായ ഐക്യദാർഢ്യ

ത്തിന്റെയും വഴികൾ തുറന്നുകൊടുക്കുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, ........

**അപ്പൂപ്പന്മാർക്കും അമ്മൂമ്മമാർക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

വൃദ്ധരായ ശിമയോൻ, അന്ന എന്നിവരാൽ ദേവാലയത്തിൽ വച്ചു സ്വീകരിക്കപ്പെട്ട കർത്താവ് അവരെ വിവേകമുള്ള സഹകാരികളാക്കട്ടെ. കുട്ടികൾക്കു വിശ്വാസം പകർന്നു നല്കാനും വളർത്താനും അവർ മാതാപിതാക്കളോടു സഹകരിക്കുന്നവരാകാൻ ഞങ്ങൾപ്രാർത്ഥിക്കുന്നു. കർത്താവേ,......

**ശിശുക്കൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

തന്റെ പരസ്യശുശ്രൂഷയിൽ കുട്ടികളെ സ്വാഗതം ചെയ്യുകയും സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുന്നവരുടെ മാതൃകകളായി അവരെ കാണിക്കുകയും ചെയ്ത ജീവന്റെ കർത്താവ് ഗർഭസ്ഥജീവനോടുള്ള ആദരവുണ്ടാകാൻ പ്രചോദിപ്പിക്കുന്നതിനും ജീവനോടുള്ള ക്രൈസ്തവവീക്ഷണത്തിന് അനുസൃതമായി കുട്ടികളെ വളർത്താനുള്ള പദ്ധതികൾ ഉണ്ടാകാൻ ഇടയാകുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, ........

**യുവജനത്തിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം**

കാനായിലെ കല്യാണത്തെ പവിത്രീകരിച്ച കർത്താവ് ദൈവികപദ്ധതിയനുസരിച്ച് കുടുംബത്തിനുള്ള വിശുദ്ധിയുടെ സൗന്ദര്യവും അലംഘനീയതയും യുവജനം കണ്ടെത്താൻ പ്രേരിപ്പിക്കുന്നതിനും വിവാഹത്തിനു തയ്യാറാകുന്നവരെ സഹായിക്കുന്നതിനുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, ........

**നമുക്കു പ്രാർത്ഥിക്കാം**

തന്റെ കരവേലയെ ഒരിക്കലും ഉപേക്ഷിക്കാത്ത ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. സഭ തന്റെ സിനഡുയാത്ര തുടങ്ങുന്ന ഈ സന്ദർഭത്തിൽ സഭയെ പ്രകാശിപ്പിക്കുവാൻ അവിടത്തെ പുത്രന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കണമേ. നസ്രസിലെ തിരുക്കുടുംബത്തിൽ പ്രശോഭിച്ച യഥാർത്ഥ സ്നേഹത്തിന്റെ പ്രഭയെക്കുറിച്ച് സഭ ധ്യാനിക്കാൻ ഇടയാകട്ടെ. ഇന്നത്തെ ലോകത്തിലെ വെല്ലുവിളികളോട് ധീരതയോടും കാരുണ്യത്തോടുംകൂടി പ്രത്യുത്തരിക്കുന്നതിന് സ്വാതന്ത്ര്യവും അനുസരണവും പഠിക്കുവാൻ ഇടയാകുകയും ചെയ്യട്ടെ. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളണമേ. ആമേൻ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



# വാഴ്ത്തപ്പെട്ട ചാവറയച്ചനും എവുപ്രാസ്യമ്മയും

## വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരൻമാരേ,

ഭാരതസഭയുടെ, പ്രത്യേകമായി കേരളസഭയുടെ ചരിത്രത്താളുകളിൽ തങ്കലിപികളാൽ രേഖപ്പെടുത്തുന്ന ദിനമാണ് 2014 നവംബർ 23. അന്നു റോമിലെ വിശുദ്ധപത്രോസിന്റെ ബസ്ലീക്കായുടെ ചത്വരത്തിൽ വെച്ച് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും എവുപ്രാസ്യമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കും. അവർ പങ്കുവെച്ച വിശുദ്ധമായ ജീവിതത്തിനും അവർ വഴി സഭാസമൂഹത്തിനു ലഭിച്ച നന്മകൾക്കും വേണ്ടി നമുക്ക് ദൈവത്തിനു നന്ദി പറയാം.

ദൈവതിരുമനസ്സിനു വിധേയനായി പ്രാർത്ഥനയെയും പ്രവർത്തനത്തെയും അനുദിനജീവിതത്തിൽ സംയോജിപ്പിച്ച വലിയ മനുഷ്യനാണ് ചാവറയച്ചൻ. പ്രാർത്ഥന ജീവിതവിളിയായി സ്വീകരിച്ച് അനേകർക്ക് ദൈവതിരുമനസ്സ് വെളിപ്പെടുത്തിക്കൊടുത്തവളാണ് എവുപ്രാസ്യമ്മ. ദൈവത്തെ "തന്റെ ഓഹരിയും പാനപാത്രവുമായി" (സങ്കീ 16/5) ചാവറയച്ചൻ തിരിച്ചറിഞ്ഞപ്പോൾ "എനിക്ക് എന്റെ ദൈവമല്ലാതെ ആരുമില്ല, നിശ്ചയം" എന്നതായിരുന്നു എവുപ്രാസ്യമ്മയുടെ ജീവിതദർശനം. ദൈവത്തോടൊത്തുള്ള സഹവാസം വർധിച്ചതനുസരിച്ച് സഹോദരങ്ങളോടുള്ള കടമകൾ തിരിച്ചറിയാനുള്ള ഉൾക്കാഴ്ച ഇരുവരും പ്രകടമാക്കി.

**വാഴ്ത്തപ്പെട്ട ചാവറയച്ചൻ**

അറുപത്തിയാറു വർഷം കൊണ്ട് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ചെയ്ത നന്മകൾ നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. 'നന്മ ചെയ്യാത്ത ഒരു ദിവസം നിന്റെ ആയുസിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തപ്പെടുകയില്ല' എന്ന അദ്ദേഹത്തിന്റെ പാഠ്യം സ്വന്തജീവിതത്തിൽ എന്നും പ്രാവർത്തികമാക്കാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. 1805 ഫെബ്രുവരി 10-ന് ചാവറ കുര്യാക്കോസ് - മറിയം ദമ്പതികളുടെ ഇളയമകനായി കുര്യാക്കോസ് കൈനകരിയിൽ ജനിച്ചു. 1829 നവംബർ 29-ന് വൈദികനായി.

തദ്ദേശീയമായ രണ്ടു സമർപ്പിത സമൂഹങ്ങളുടെ സ്ഥാപകൻ, കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വികാരിജനറാൾ എന്നീ മഹ

നീയ പദവികൾ അദ്ദേഹം വഹിച്ചു. മലയാളം, തമിഴ്, സംസ്കൃതം, സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് എന്നീ ഭാഷകൾ അദ്ദേഹത്തിനു അറിയാമായിരുന്നു. ദൈവത്തെക്കുറിച്ചും വിശുദ്ധരെക്കുറിച്ചും തിരുസഭയെക്കുറിച്ചും കൂടുതൽ അറിയാനായിരുന്നു അദ്ദേഹം ആ ഭാഷകൾ പഠിച്ചത്. മത, സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്നും ദൈവമനുഷ്യബന്ധങ്ങളിൽ നിന്നും ലഭിച്ച തിരിച്ചറിവിലൂടെ പൊതുസമൂഹത്തിന്റെ നിരവധിയായ ആവശ്യങ്ങൾക്കുവേണ്ടി പുതുമയാർന്ന പല കാര്യങ്ങളും അദ്ദേഹം പ്രവൃത്തിപഥത്തിലാക്കി.

മാന്നാനത്തെ ആദ്യആശ്രമത്തോടു ചേർന്ന് 1833-ൽ തുടങ്ങിയ സെമിനാരിയായിരുന്നു ഇടവക മല്പാനേറ്റുകൾക്കുശേഷം കേരളസഭയിൽ ആദ്യം ഉണ്ടായ പൊതുസെമിനാരി. റോക്കോസ് ശീശ്മകാലത്തു ചാവറയച്ചൻ നല്കിയ വൈദികപരിശീലനത്തിന്റെ മേന്മ തിരിച്ചറിഞ്ഞിരുന്ന അന്നത്തെ വരാപ്പുഴ മെത്രാപ്പോലിത്താ ബർണർദ്ദീൻ ബച്ചിനെല്ലി 1866 -ൽ പുത്തൻപള്ളിയിലാരംഭിച്ച സെമിനാരിയുടെ ചുമതല ചാവറയച്ചനെ ഏല്പിച്ചു. ഏതാണ്ട് മുപ്പത്തിയഞ്ചിലേറെ വർഷം അച്ചൻ വൈദികപരിശീലനരംഗത്ത് പ്രവർത്തിച്ചു. വൈദികവിദ്യാർത്ഥികൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന മതിപ്പ് അളവറ്റതായിരുന്നു. അന്ന് ഭാരതത്തിൽ നിന്നുള്ള ആദ്യത്തെ സന്ന്യാസവൈദികൻ ചാവറയച്ചനായിരുന്നെങ്കിൽ ഇന്ന് 150 വർഷങ്ങൾക്കുശേഷം മൂന്നുവ്യക്തിഗതസഭകളിലായി അനേകം സന്ന്യസ്തസമൂഹങ്ങളും പതിനായിരക്കണക്കിന് സന്ന്യസ്തരും ദൈവശുശ്രൂഷ ചെയ്യുന്നു. ഇവർ തിരുസഭയ്ക്കു ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ചാവറയച്ചന്റെ വിശുദ്ധപദവി പ്രഖ്യാപനം നമ്മെ സഹായിക്കട്ടെ!

വിദേശ മിഷനറിമാർ തുടക്കമിട്ട വിദ്യാഭ്യാസപ്രവർത്തനത്തിന്റെ തുടർച്ചയായി 1846-ൽ മാന്നാനത്ത് സംസ്കൃത സ്കൂൾ ആരംഭിച്ചുകൊണ്ട് 25 വർഷം നീണ്ടുനിന്ന ചാവറയച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളും അദ്ദേഹം തുടങ്ങിയ അച്ചടിശാലയും സാമൂഹികനവോത്ഥാനത്തിനും സ്ത്രീശക്തീകരണത്തിനും വഴി തെളിച്ചു. കേരളത്തെ ഇൻഡ്യയിലെ ആദ്യത്തെ സാക്ഷരതാസംസ്ഥാനമാകുന്നതിനു സഹായിക്കുകയും ചെയ്തു. കവി, ഗ്രന്ഥകാരൻ എന്നീ നിലകളിൽ അദ്ദേഹം മലയാള ഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ടെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ആത്മാനുതാപം, മരണപാന, അനസ്താസ്യായുടെ രക്തസാക്ഷിത്വം എന്ന ഖണ്ഡകാവ്യം എന്നിവ അദ്ദേഹത്തിന്റെ സാഹിത്യമികവ് വിളിച്ചോതുന്നവയാണ്. കേരളത്തിലുണ്ടായ ആദ്യത്തെ



അഗതിമന്ദിരത്തിന് ചാവറയച്ചൻ പ്രേരണകൊടുത്തത് ഇപ്രകാരമാണ്: "നിങ്ങളുടെ കുരിശുപള്ളിയുടെ (കൈനകരി) സമീപത്തായി ചെറുതായിട്ടെങ്കിലും ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച് ആരുമില്ലാത്തവരെയോ വഴിപിച്ചക്കാരായി ദീനം പിടിച്ചവരെയോ പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൽക്കാലങ്ങളിൽ ഇത് മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിത്തീരും." കേരളത്തിലെ ആതുരശുശ്രൂഷാകേന്ദ്രങ്ങളുടെയും അനാഥശാലകളുടെയും തുടക്കമായിരുന്നു ഇത്. അതുപോലെ 1853-ൽ മാന്നാനത്ത് ആരംഭിച്ച വിശ്വാസ പരിശീലനകേന്ദ്രം പില്ക്കാലത്ത് മികച്ച മിഷൻ കേന്ദ്രമായി മാറി.

പുനരൈക്യത്തിനുള്ള സാദ്ധ്യതകളെ വിവരിച്ചുകൊണ്ടും, ഐക്യപ്പെടാൻ താത്പര്യം കാണിക്കുന്നവരെ എപ്രകാരം സ്വീകരിക്കണമെന്ന് ആലോചന ചോദിച്ചുകൊണ്ടും ചാവറയച്ചൻ റോമിലേക്കെഴുതിയപ്പോൾ 19-ാം നൂറ്റാണ്ടിലെ പുനരൈക്യപ്രസ്ഥാനത്തിനു ശക്തി വർധിപ്പിക്കുകയായിരുന്നു. ശീശ്മമെത്രാനെ അനുകൂലിച്ചാൽ മെത്രാൻപദവി നൽകാമെന്ന വാഗ്ദാനം നിഷേധിച്ച ചാവറയച്ചൻ സഭയുടെ ഐക്യത്തിനുവേണ്ടി മരണംവരെ നിലകൊണ്ടു. മരണക്കിടക്കയ്ക്കു ചുറ്റും കൂടിയവരെ ആശ്വസിപ്പിച്ചും ധൈര്യപ്പെടുത്തിയും അദ്ദേഹം പറഞ്ഞു: "മാമോദീസയിൽ സ്വീകരിച്ച വരപ്രസാദം നഷ്ടപ്പെടുത്താതെ ഇതുവരെ ജീവിക്കാൻ സാധിച്ചു എന്ന് ധൈര്യമായി പറയുവാൻ എനിക്കു കഴിയും." വിശുദ്ധജീവിതം നയിക്കാൻ അദ്ദേഹം അങ്ങേയറ്റം യത്നിച്ചുവെന്ന് ഇതു വ്യക്തമാക്കുന്നു.

1871 ജനുവരി 3-ാംതീയതി മരിക്കുന്നതുവരെയും വിശ്രമമറിയാത്ത ആ ജീവിതം സഭയുടെയും സമൂഹത്തിന്റെയും സേവനത്തിനായി സമർപ്പിക്കപ്പെട്ടതായിരുന്നു. കൂനമ്മാവ് സെന്റ് ഫിലോമിനാസ് പള്ളിയിൽ സംസ്കരിക്കപ്പെട്ട ചാവറയച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ 1889-ൽ മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദൈവാലയത്തിലേക്ക് മാറ്റി. ഈ രണ്ടു ദൈവാലയങ്ങളിലും അദ്ദേഹം വസിച്ച മറ്റിടങ്ങളിലും അനേകർ അദ്ദേഹത്തിന്റെ മധ്യസ്ഥതയിലുള്ള വിശ്വാസത്തോടെ പ്രാർത്ഥനയ്ക്കായെത്തി അനുഗ്രഹം പ്രാപിക്കുന്നു.

ദൈവവചനാധിഷ്ഠിതവും ക്രിസ്തുകേന്ദ്രീകൃതവുമായ ജീവിതം നയിച്ചിരുന്ന ചാവറയച്ചൻ ഭാരതസഭയിലെ ഒരു മിസ്റ്റിക്കും കൂടിയാണ്. സക്രാരിയുടെ മുമ്പിൽ മണിക്കൂറുകൾ ചെലവഴിച്ചിരുന്ന അദ്ദേഹം തികഞ്ഞ തിരുക്കുടുംബഭക്തനുമായിരുന്നു. മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബം സ്വർഗ്ഗരാജ്യത്തിന്റെ പകർപ്പാണ് എന്നു പഠിപ്പിച്ച

അദ്ദേഹത്തെ കുടുംബജീവിതക്കാരുടെ മദ്ധ്യസ്ഥനായി കാണണം. കുടുംബ ജീവിതക്കാർക്കായി അദ്ദേഹമെഴുതിയ "ഒരു നല്ല അപ്പന്റെ ചാവരുൾ" ഇന്നും പുതുമ നിലനിറുത്തുന്നു. കൂടാതെ, ചാവറയച്ചൻ പുരോഹിതർക്ക് വഴികാട്ടിയും, സന്ന്യസ്തർക്ക് മാതൃകയുമാണ്.

**വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മ**

1877 ഒക്ടോബർ 17-ന് തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിൽ ചേർപ്പുകാരൻ എലുവത്തിങ്കൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മകളായി ജനിച്ച റോസ ചാവറയച്ചനാൽ സ്ഥാപിതമായ കൂനമ്മാവു മഠത്തിന്റെ ബോർഡിംഗ് ഹൗസിൽ തന്റെ ദൈവവിളിക്കു തുടക്കമിട്ടു. അനാരോഗ്യം എന്ന അഗ്നിപരീക്ഷയിലുടെ ഉരുക്കി വാർക്കപ്പെട്ട റോസ തിരുക്കുടുംബത്തിന്റെ പ്രത്യേക ദർശനത്താൽ സന്ന്യാസജീവിതത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യ ആയി അമ്പഴക്കാട്ടുകർമ്മലീത്ത മഠത്തിൽ സന്ന്യാസജീവിതം ആരംഭിക്കുകയും ചെയ്തു.

എവുപ്രാസ്യയുടെ ജീവിതം ഇങ്ങനെ സംഗ്രഹിക്കാം: കരങ്ങളിൽ ചലിക്കുന്ന ജപമാല, അധരങ്ങളിൽ മരിയസ്തുതികൾ, ഹൃദയത്തിൽ ദിവ്യരഹസ്യങ്ങളുടെ ധ്യാനം. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർ വിശുദ്ധരാകുമെന്ന സത്യം അവൾ ഇന്നത്തെ ലോകത്തെ പഠിപ്പിക്കുന്നു. തന്റെയും മറ്റുള്ളവരുടെയും ആത്മരക്ഷയ്ക്കുള്ള ആയുധമായിരുന്നു ജപമാല. രാത്രിയിലും പകലും നീണ്ടയാമങ്ങൾ അവൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാലാഖമാരുടെ രാജ്ഞി ആരാണെന്ന് അവൾ 9-ാം വയസ്സിൽ തിരിച്ചറിഞ്ഞു. അന്നുമുതൽ മാലാഖമാരോടുകൂടി ദൈവത്തെ സ്തുതിക്കേണ്ടത് എങ്ങനെ എന്ന് പരിശുദ്ധമാതാവ് അവളെ പഠിപ്പിച്ചു.

സന്ന്യാസിനീജീവിതത്തിൽ എവുപ്രാസ്യമ്മ രണ്ടു ഉത്തരവാദിത്വങ്ങളേ ഔദ്യോഗികമായി വഹിച്ചിട്ടുള്ളൂ: നവസന്ന്യാസിനികളുടെ ഗുരുത്തി, ഒല്ലൂർ മഠത്തിന്റെ സുപ്പീരിയർ. 1904-ൽ ആരംഭിച്ച ഗുരുത്തിസ്ഥാനം ഒൻപതു വർഷങ്ങൾക്കുശേഷം മഠാധിപയായപ്പോഴാണ് മാറ്റപ്പെട്ടത്. ഈ ജോലികൾ വിശ്വസ്തതയോടെ നിർവഹി ക്കാൻ പ്രാർത്ഥനയും ഉപവാസവുമായിരുന്നു അവൾക്കു സഹായം. മഠത്തിന്റെ ഭരണം ഈശോയുടെ തിരുഹൃദയത്തെ തന്നെയാണ് അവൾ ഏല്പിച്ചത്. ഒല്ലൂർ മഠത്തിന്റെ പൂമുഖത്ത് എവുപ്രാസ്യ തിരുഹൃദയരൂപം പ്രതിഷ്ഠിച്ചു. തിരുഹൃദയക്കൊന്ത അവളുടെ ശക്തിസ്രോതസായി മാറി. ഒല്ലൂർ മഠത്തിലെ കപ്പേളയുടെ മൂലയ്ക്ക് പകലധികവും പ്രാർത്ഥിച്ചിരുന്ന എവുപ്രാസ്യമ്മയ്ക്ക് ജനം



കൊടുത്ത പേരാണ് 'പ്രാർത്ഥിക്കുന്ന അമ്മ' എന്നത്. അവർ ആവശ്യങ്ങളും സങ്കടങ്ങളുമായി അമ്മയുടെ അടുത്ത് എത്തുമായിരുന്നു. പ്രാർത്ഥന ആവശ്യപ്പെടുന്ന എല്ലാവർക്കും വേണ്ടി എവുപ്രാസ്യമ്മ മാധ്യസ്ഥ്യം വഹിച്ചു.

എവുപ്രാസ്യമ്മയുടെ സ്നേഹസ്പർശം കൂടുതൽ സ്വീകരിച്ചിട്ടുള്ളത് കുട്ടികളാണ്. കൊച്ചു കൊച്ചു പ്രാർത്ഥനകളും ആശ്വാസവചനങ്ങളും കുട്ടികളുടെ നൊമ്പരങ്ങളെ ഒപ്പിയെടുത്തു. പരീക്ഷയടുക്കുമ്പോഴായിരുന്നു അമ്മയുടെ അടുക്കൽ അവർ കൂടുതൽ ഓടിയെത്തിയിരുന്നത്. അതുപോലെ അമ്മയുടെ സ്നേഹപൂർവകമായ കരുതലും സാന്ത്വനവും ഏറ്റുവാങ്ങിയവരാണ് മഠത്തിലെ അന്തേവാസികളും. പ്രാർത്ഥന കൊണ്ട് പ്രവർത്തനങ്ങളെ വിശുദ്ധീകരിക്കാൻ അമ്മ ജോലിക്കാരെ അഭ്യസിപ്പിച്ചിരുന്നു. മറ്റുള്ളവർക്ക് പ്രകാശമേകിയ ആ പുണ്യജീവിതം 1952 ഓഗസ്റ്റ് 29 -ന് എഴുപത്തിയഞ്ചാം വയസിൽ ഇഹലോകവാസം വെടിഞ്ഞു. എവുപ്രാസ്യമ്മയുടെ ഭൗതികശരീരം ഒല്ലൂർ കർമ്മലീത്താമഠത്തിൽ സംസ്കരിക്കപ്പെട്ട അമ്മയുടെ വിശുദ്ധി അനുഭവിച്ചറിഞ്ഞ അനേകർ അമ്മയുടെ മാധ്യസ്ഥ്യം നേടി ആ കബറിടത്തിങ്കലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു.1986 സെപ്തംബർ 27-ന് ആരംഭിച്ച നാമകരണനടപടികൾ ഇപ്പോൾ മകുടം ചൂടിയിരിക്കുന്നു. മറ്റുള്ളവരിൽ നിന്നു കൊച്ചു സഹായം സ്വീകരിക്കുമ്പോഴും 'മരിച്ചാലും മറക്കില്ലട്ടോ' എന്ന് അമ്മ പറയുമായിരുന്നു. ആ വാക്ക് എവുപ്രാസ്യമ്മ സ്വർഗ്ഗത്തിലിരുന്ന് ഇന്നു നിറവേറ്റുന്നു.

പ്രാർത്ഥനയെയും പ്രവർത്തനങ്ങളെയും വ്യത്യസ്തതലങ്ങളിൽ സംയോജിപ്പിച്ച രണ്ടുവിശുദ്ധരെയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. ദൈവമനുഷ്യബന്ധങ്ങളിൽനിന്ന് അകലുന്ന ഇന്നത്തെ ലോകത്തിന് ചാവറയച്ചനും എവുപ്രാസ്യമ്മയും പ്രത്യേക പ്രചോദനവും മാതൃകയുമാണ്. കേരളസഭയുടെ ഈ പ്രിയപ്പെട്ട വീരസന്താനങ്ങൾ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന നവംബർ 23 ഞായറാഴ്ച സ്തുതിയുടെയും നന്ദിയുടെയും ദിനമായി നമുക്കാചരിക്കാം. കേരള കത്തോലിക്കാസഭയുടെ വിശുദ്ധീകരണത്തിനും, പ്രേഷിതവളർച്ചയ്ക്കും ദൈവവിളി പ്രോത്സാഹനത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും ഈ നവവിശുദ്ധരുടെ മാദ്ധ്യസ്ഥ്യം നമുക്കു സഹായകരമാകട്ടെ.

റോമിൽ നടക്കുന്ന നാമകരണ നടപടികളോടനുബന്ധിച്ച് ഈ രണ്ടു വിശുദ്ധരെ അനുസ്മരിക്കാൻ വേണ്ടി കേരള കത്തോലിക്കാസഭയിൽ നടത്തുന്ന "വിശുദ്ധിയുടെ ഉത്സവത്തിൽ" (ഖാദോഷ് ഫെസ്റ്റ്) സജീവമായി

പങ്കുകൊള്ളാൻ ഏവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. നാമകരണ ശുശ്രൂഷകൾക്കുശേഷം അടുത്തുവരുന്ന ശനിയാഴ്ച നവംബർ 29-ന് കൊച്ചിയിലെ രാജഗിരി മൈതാനിയിൽ വെച്ചുനടക്കുന്ന കൃതജ്ഞതാബലിയിലും അനുസ്മരണസമ്മേളനത്തിലും പങ്കെടുക്കുവാൻ കേരളസഭയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരെയും സമർപ്പിതരേയും എല്ലാ വിശ്വാസികളെയും പ്രത്യേകം ക്ഷണിക്കുന്നു. ഭാരതകത്തോലിക്കാ മെത്രാൻസമിതിയുടെയും കേരളകത്തോലിക്കാസഭയുടെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഈ ദേശീയ ആഘോഷം നമ്മുടെ വിശ്വാസസാക്ഷ്യത്തിന്റെയും ക്രൈസ്തവ കൂട്ടായ്മയുടെയും സംഗമമാക്കി ത്തീർക്കാം.

റോമിൽ നടക്കുന്ന നാമകരണ നടപടിയുടെയും അതിനോടനുബന്ധിച്ച് നമ്മുടെ നാട്ടിൽ നടക്കുന്ന പരിപാടികളുടെയും വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശുദ്ധരായ ചാവറയച്ചന്റെയും എവുപ്രാസ്യമ്മയുടെയും മാദ്ധ്യസ്ഥ്യം നമുക്കു യാചിക്കാം. സ്വർഗ്ഗീയവരങ്ങളാൽ അവർ നമ്മെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ നാടിനെയും നിറയ്ക്കട്ടെ.

നിങ്ങളെ ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ!

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**
*പ്രസിഡന്റ്, കെസിബിസി*

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
*വൈസ് പ്രസിഡന്റ്, കെസിബിസി*

**ബിഷപ്പ് ജോസഫ് കരിയിൽ**
*സെക്രട്ടറി ജനറൽ, കെസിബിസി*

പി.ഒ.സി.,
കൊച്ചി

NB: 2014 നവംബർ 2-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2014

## യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

*"ദൈവത്തിൽ വിശ്വാസമർപ്പിച്ച് നന്മ ചെയ്യുക, അപ്പോൾ ഭൂമിയിൽ സുരക്ഷിതരായി വസിക്കാം. കർത്താവിൽ ആനന്ദിക്കുക, അവിടുന്ന് നിന്റെ ആവശ്യങ്ങൾ സാധിച്ചുതരും" (സങ്കീ 37: 3-4).*

ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, എന്റെ പ്രിയങ്കരരായ യുവജനസുഹൃത്തുക്കളെ,

യുവജനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ്സ് അസ്സീസിയുടെ തിരുന്നാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ച, 2014 ഒക്ടോബർ 5, യുവജനദിനമായി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാ യുവജനസുഹൃത്തുക്കൾക്കും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ ഹൃദയംനിറഞ്ഞ ആശംസകളും, പ്രാർത്ഥനയും നേരുന്നു. നമ്മുടെ സഭയിൽ യുവജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരേയും നന്ദിയോടും സ്നേഹത്തോടും ഞാൻ ഓർക്കുന്നു.

"സുവിശേഷവത്ക്കരണത്തിൽ കുടുംബം നേരിടുന്ന അജപാലനപരമായ വെല്ലുവിളികൾ" എന്ന വിഷയവുമായി ബന്ധപ്പെട്ട് ഫ്രാൻസിസ്സ് മാർപാപ്പാ ആഗോളകത്തോലിക്കാസഭയിൽ വിളിച്ചുകൂട്ടുന്ന സുന്നഹദോസിന്റെ പശ്ചാത്തലത്തിൽ ആഘോഷിക്കപ്പെടുന്ന ഈ യുവജനദിനത്തിൽ 'കുടുംബതലത്തിൽ യുവജനങ്ങളുടെ പങ്കി'നെപ്പറ്റി ചിന്തിക്കുവാൻ നമ്മുടെ സഭയിലെ എല്ലാ യുവജനങ്ങളേയും വിശ്വാസികളേയും ഞാൻ ക്ഷണിക്കുന്നു.

**കുടുംബം: യുവതലമുറയുടെ പ്രാഥമികതലം**

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന മൂലക്കല്ലാണ് കുടുംബം. സാമൂഹികവും സ്വയരൂപീകരണപരവുമായ അനുഭവത്തിന്റെ തലമാണത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ തന്റെ ഒരു പ്രസംഗത്തിൽ

സൂചിപ്പിച്ചതുപോലെ, "കുടുംബം ഒരു ഗാർഹിക സഭയാണ്". പരമ്പരാഗതമായ ഈ ആശയത്തിന്റെ അർത്ഥം, ഭവനം സഭയുടെ ഒരു ചെറുപതിപ്പാണ് എന്നതാണ്. സഭ ദൈവസ്നേഹത്തിന്റെ കൂദാശയാണ്. അവൾ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും സംയോജിക്കലാകുന്നു. അവൾ അമ്മയും ഗുരുനാഥയുമാണ്. സർവമനുഷ്യകുടുംബത്തിന്റെയും ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന അവൾ, ആത്യന്തികലക്ഷ്യം ലാക്കാക്കി മുന്നേറുകയും ചെയ്യുന്നു. അതുപോലെത്തന്നെ കുടുംബം സ്നേഹത്തിന്റെയും ജീവന്റെയും സമൂഹമാണ്. മാനുഷിക പക്വതയുടെ പൂർണതയിലേക്ക് അതിലെ അംഗങ്ങളെ അഭ്യസിപ്പിക്കുകയും നയിക്കുകയും ജീവന്റെ പാതയിൽ വ്യാപരിക്കുന്നവരുടെ നന്മയ്ക്കായി പരിശ്രമിക്കുകയും ചെയ്യുന്നു. അതിന്റെ വഴികളിൽ അത് സജീവ പ്രതിബിംബങ്ങളും, സഭയുടെ രഹസ്യാത്മകതയുടെ ചരിത്രപ്രകാശനവുമാണ്. അതിനാൽ സഭയുടെയും ലോകത്തിന്റെയും ഭാവി കുടുംബത്തിലൂടെ കടന്നുവരുന്നു (ഓസ്ട്രേലിയൻ അജപാലന സന്ദർശം, വി. ജോൺപോൾ രണ്ടാമന്റെ പ്രസംഗം, നമ്പർ 3).

യുവതലമുറയ്ക്ക്, വിശ്വാസം കൈമാറ്റപ്പെടുന്നതും പഠിപ്പിക്കപ്പെടുന്നതും കുടുംബത്തിലാണ്. പലപ്പോഴും കുടുംബത്തിന്റെ പശ്ചാത്തലത്തിലാണ് ദൈവത്തെ ശ്രവിക്കാനും പ്രത്യുത്തരം നൽകുവാനും സാധിക്കുന്നത്. തങ്ങളുടെ അനുദിനജീവിതത്തെ സുവിശേഷ സന്ദേശവുമായി കോർത്തിണക്കുവാൻ പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. യുവജനങ്ങളുടെ ജീവിതത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്നത് അവരുടെ മാതാപിതാക്കളാണ്. അവരാണ് അവരുടെ കുടുംബത്തിലെ പ്രഥമ യുവജന പരിശീലകരും മതാദ്ധ്യാപകരും. കുടുംബപശ്ചാത്തലത്തിൽ യുവതലമുറയുടെ സാമൂഹികവും വൈകാരികവും ആദ്ധ്യാത്മികവുമായ വളർച്ച പരിപോഷിപ്പിക്കപ്പെടുന്നു. ദൈവസാന്നിദ്ധ്യത്തിൽ പരിലസിക്കുന്ന ക്രിസ്തീയ കുടുംബങ്ങൾ വിശുദ്ധവും പവിത്രവുമാണ്; സാധാരണവും അസാധാരണവുമായജീവിതസംഭവങ്ങളിൽ അത് സുദൃഢമായി നിലകൊള്ളുന്നു.

യുവതലമുറ ലോകത്തെ കെട്ടിപ്പടുക്കുന്നു. സാങ്കേതിക, മാധ്യമ, വിദ്യാഭ്യാസ, ശാസ്ത്രീയ, സാമൂഹിക രംഗങ്ങളിലൂടെ ഇന്നത്തെ ലോകത്തെ രൂപപ്പെടുത്തുന്നതിൽ അവർ വലിയ സംഭാവന നൽകുന്നുണ്ട്. അവർ ഏർപ്പെടുന്ന ഹിംസ, തർക്കങ്ങൾ, ദുശ്ശീലങ്ങൾ, വ്യക്തി മാഹാത്മ്യവാദം, അന്യതാഭാവം, വിവേചനം എന്നിവ മനുഷ്യരാശിയുടെ വിധി നിർണയിക്കുന്നു. അടുത്തിടെ പരി. ഫ്രാൻസിസ് മാർപാപ്പാ ഏഷ്യയിലെ



യുവജനങ്ങളെ അഭിസംബോധന ചെയ്ത് ഇങ്ങനെ സംസാരിച്ചു, "ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള യുവജനങ്ങളോട്ചേർന്ന് സൗഹൃദത്തിലും സമാധാനത്തിലും തടസങ്ങളെ തരണം ചെയ്തും, വിഭജനത്തിന്റെ മുറിവുകളെ ഉണക്കികൊണ്ടും ഹിംസയേയും മുൻവിധികളെയും എതിർത്തുകൊണ്ടും, നാം ഒരുമയോടെ ജീവിക്കുന്ന ഈ ലോകത്തെ വാർത്തെടുക്കുന്നതിൽ സഹായിക്കുവിൻ. ഇതാണ് ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്നത്. മനുഷ്യകുടുംബത്തെ മുഴുവൻ ഐക്യത്തിൽ നിലനിർത്തുന്ന ഒരു ബീജമായിത്തീരുവാനാണ് സഭ നിലകൊള്ളുന്നത്. ക്രിസ്തുവിൽ എല്ലാ ദേശവും ജനങ്ങളും ഐക്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. നാനാത്വത്തെ അത് ഇല്ലാതാക്കുന്നില്ല - തകർക്കുന്നില്ല. എന്നാൽ അവയെ തിരിച്ചറിയുന്നു, അനുരഞ്ജിപ്പിക്കുന്നു, സമ്പുഷ്ടമാക്കുന്നു (ആറാം ഏഷ്യൻ യുവജനദിനം, കൊറിയ, 15 ഓഗസ്റ്റ് 2014).

**മൂല്യങ്ങളെ വിലമതിക്കുക**

ലോകത്തെകുറിച്ചുള്ള ദൈവീകപദ്ധതിയുടെ ഹൃദയമാണ് കുടുംബം. മുൻതലമുറ കൈമാറിയ മൂല്യങ്ങളിലൂടെ കെട്ടിയുയർത്തിയതാണ് പലപ്പോഴും കുടുംബജീവിതം. പരമ്പരാഗതമായ ക്രിസ്തീയ കുടുംബങ്ങളിൽനിന്നുപോലും ഇന്ന് കുടുംബമൂല്യങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്ന് പറയുന്നതിൽ ഖേദമുണ്ട്. ഇത് അതിശക്തമായി അനുഭവപ്പെടുന്നതിനാൽ ഇതിനെ *സാംസ്ക്കാരിക സുനാമി* എന്ന് വിളിക്കുന്നു. സാസ്ക്കാരിക വിപ്ലവത്തിന്റെ പേരിൽ, മനുഷ്യകുലത്തിന്റെ അടിത്തറതന്നെയായ കുടുംബം ആക്രമിക്കപ്പെടുന്നു. ചിന്നഭിന്നമായി തകർക്കപ്പെട്ട കുടുംബം, പ്രായമുള്ളവരുടെ ഏകാന്തത, ഉപേക്ഷിക്കപ്പെടൽ, വേർപിരിഞ്ഞ മാതാപിതാക്കളുടെ കുടുംബങ്ങളിലെ കുട്ടികളുടെ വൈകാരിക തകർച്ച, സഹനങ്ങൾ, വിദ്യാഭ്യാസ പരാജയങ്ങൾ, ദിശാബോധമില്ലായ്മ, ആത്മഹത്യ എന്നിവ സാത്താൻസേവയിലും ഹിംസയിലും മയക്കുമരുന്നിലും കൊണ്ടെത്തിക്കുന്നു. ഇവ കുടുംബ മൂല്യതകർച്ചയുടെ പരിണിതഫലങ്ങളാണ്. നവീന യുഗത്തിലെ മനുഷ്യൻ കുടുംബത്തെ വ്യത്യസ്തമാനത്തോടുകൂടെ നോക്കികാണുന്നു. കുടുംബത്തിൽനിന്ന് ഇണയിലേക്കും, ദമ്പതികളിൽനിന്ന് പങ്കാളികളിലേക്കും, വിവാഹത്തിൽനിന്ന് സ്വതന്ത്രസ്നേഹത്തിലേക്കും, സന്തോഷത്തിൽനിന്ന് സുസ്ഥിതിയിലേക്കും, മാതാപിതാക്കളുടെ അധികാരത്തിൽനിന്നും കുഞ്ഞുങ്ങളുടെ അവകാശത്തിലേക്കും, സ്വയദാനത്തിൽനിന്നും ഒരുവന്റെ ശാരീരികാവകാ

ശത്തിലേക്കും, മനസാക്ഷിയിൽനിന്നും സ്വതന്ത്ര തിരഞ്ഞെടുപ്പിലേക്കും, പരസ്പരവ്യക്തിബന്ധങ്ങളിൽനിന്നും പേരില്ലാത്ത-മുഖമില്ലാത്ത വ്യക്തി കളിലേക്കുള്ള സംയോജനത്തിലേക്കും, ജീവിത സംസ്ക്കരണ ത്തിൽനിന്നും പുനർനിർമാതാക്കളിലേക്കും നമ്മൾ മാറ്റപ്പെട്ടിരിക്കുന്നു. ഇതാണ് ക്രിസ്തീയ ഭവനങ്ങളിൽ സംഭവിച്ചേക്കാവുന്ന യഥാർത്ഥമായ *സാംസ്ക്കാരിക സുനാമി*, കുടുംബമൂല്യങ്ങളിൽ വന്നുഭവിക്കാവുന്ന തകർച്ച.

ഈ അവസ്ഥ മാറ്റുവാൻ ആർക്ക് സാധിക്കും? ചലനാത്മകമായ കത്തോലിക്കാവിശ്വാസമുള്ള യുവജനങ്ങൾക്കു അത് വേഗത്തിൽ സാധി ക്കും. മൂല്യങ്ങളെ ആദരിക്കുന്ന യുവജനങ്ങൾക്കു മാത്രമേ മാറ്റങ്ങൾ വരു ത്തുവാൻ കഴിയൂ. അതിനാൽ നമുക്ക് കുടുംബത്തെ അടിസ്ഥാനമാക്കി യുള്ള യുവജന ശുശ്രൂഷ ആവശ്യമാണ്.

**ജീവൻ നൽകുന്ന ആത്മീയ തഴക്കങ്ങൾ**

യഥാർത്ഥ ക്രിസ്തുശിഷ്യരാകുവാൻ ആഗ്രഹിക്കുന്ന, ഊർജസ്വല രായ കത്തോലിക്കാ യുവജനങ്ങൾ, ജീവൻ നൽകുന്ന ആത്മീയ തഴക്ക ങ്ങൾ വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. ഇവിടെ അവയിൽ മൂന്നെണ്ണം പരി ഗണിക്കാം.

**a) യേശുവിനോടൊപ്പം നടക്കുക:** അനുദിനം ദൈവത്തോടൊത്ത് നട ക്കുക എന്നതാണ് ഒന്നാമത്തെ തഴക്കം, അതായത് പ്രാർത്ഥനയിലുള്ള അനുദിന സമർപ്പണം. ഇതിനെ വിശുദ്ധ പൗലോസ് ശ്ലീഹാ വിളിക്കുന്നത് 'ഇടവിടാതെയുള്ള പ്രാർത്ഥന' എന്നാണ് (1 തെസ 5:17). ദൈവത്തോ ടൊപ്പം ചലിക്കുക എന്നുപറയുമ്പോൾ ദൈവസാന്നിദ്ധ്യത്തോട് ആർജവ ത്വമുള്ളവരായി മാറുക, ദൈവമഹത്വത്തിനായി എല്ലാ കാര്യങ്ങളും ചെയ്യുക എന്നാണ്. ദൈവത്തോടൊപ്പം നടക്കാനുള്ള വഴികൾ ഇവയാണ്:1. ദൈവ സാന്നിദ്ധ്യ സ്മരണ - എന്റെ ആത്മാവിലുള്ള ദൈവീകജീവനെക്കുറിച്ച് അതിയായ ബോധ്യത്തിലെത്തുക. 2. വി. കുർബാനയുടെ ആരാധനയിൽ നാം ആ ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നു. 3. ക്രിസ്തുവിന്റെ മുഖത്തെ ധ്യാനിക്കുക - ഇതാണ് പ്രാർത്ഥന. ഈ സാധാരണ, എന്നാൽ ചലനാ ത്മകവും ക്രിയാത്മകവുമായ പ്രാർത്ഥനകളിലൂടെ ദൈവത്തോടൊപ്പം ചലി ക്കുവാൻ നമുക്ക് കഴിയും. അസീസിയിലെ വി. ഫ്രാൻസിസിനെപ്പോലുള്ള ആളുകൾ വിശുദ്ധിയുടെ അത്യുന്നത പടവുകളിൽ എത്തിയത്, യേശുവി



നോടൊപ്പം സഞ്ചരിച്ചതുകൊണ്ടാണ്.

**b) വചനം പ്രാർത്ഥിക്കുക:** ക്രിയാത്മകരായ കത്തോലിക്കാ യുവജന ങ്ങൾ അഭ്യസിക്കേണ്ട രണ്ടാമത്തെ ആത്മീയ തഴക്കം ദൈവവചനം പ്രാർത്ഥിക്കുക എന്നതാണ്. വിശ്വാസത്തെപ്പറ്റി കൂടുതൽ പഠിക്കുക. ഒരു യഥാർത്ഥ ക്രിസ്തുശിഷ്യൻ അവിടുത്തെ പാദാന്തികത്തിൽ ഇരുന്ന് പഠി ക്കും. ഫ്രാൻസിസ് മാർപാപ്പാ തന്റെ അപ്പസ്തോലിക പ്രബോധനമായ "സുവിശേഷത്തിന്റെ സന്തോഷ"ത്തിൽ വേദപുസ്തകത്തെപ്പറ്റി ഇപ്രകാരം പഠിപ്പിക്കുന്നു: "വിശുദ്ധലിഖിതങ്ങളുടെ പഠനം ഓരോ വിശ്വാസിക്കുംവേണ്ടി തുറക്കപ്പെട്ട വാതിലായിരിക്കണം... ദൈവവചനവുമായുള്ള ഈ പരിചയം സുവിശേഷവത്ക്കരണത്തിന് അത്യന്താപേഷിതമാണ്... ഇത് നമ്മെ ദൈവ വചനത്തിന്റെ... ഗൗരവപൂർണമായ തുടർപഠനത്തിലേക്ക് നയിക്കേണ്ട താണ്" (നം. 175). ഇത് വെറും വചനപാരായണമല്ല; പിന്നെയോ ദൈവവ ചനം പ്രാർത്ഥിക്കുകയാണ്. വചനം നമ്മൾ വായിക്കുമ്പോൾ വി. ഗ്രന്ഥ ത്തിലും പ്രാർത്ഥനയിലും ദൈവത്തെ നാം കണ്ടുമുട്ടുകയാണ്. സുവി ശേഷം ഒരു പ്രേരക ശക്തിയായി ജീവിതത്തിന് ദിശാബോധം നൽകണം. ജീവിതത്തിൽ ഉണ്ടാകാവുന്ന ഏറ്റവും വലിയ അപകടം മരണമോ, തകർച്ചയോ അല്ല പിന്നെയോ ലക്ഷ്യമില്ലാത്ത ജീവിതമാണ്.

**c) യേശു പോകുന്നിടത്തേക്ക് പോവുക**: ഇത് വിരൽചൂണ്ടുന്നത് ശുശ്രൂഷാ മനോഭാവത്തിലേക്കും സുവിശേഷവത്ക്കരണത്തിലേക്കുമാണ്. ഇത് മറ്റ് രണ്ട് കാര്യങ്ങളുടെയും പരിണിതഫലമാണ്. തന്റെ സുഹൃത്തായ ലാസറിനെ സുഖപ്പെടുത്തുവാൻ പോയപ്പോൾ ഏറ്റെടുത്ത സാഹസത്തെ നാം പരിഗണിക്കണം. ഫരിസേയർ യേശുവിനെ കൊല്ലുവാൻ തയ്യാറായി രിക്കേ ജറുസലേമിലെ 5 മൈൽ ചുറ്റളവിൽ സാഹസികമായി അവൻ സഞ്ചരിക്കുന്നു. ശിഷ്യന്മാർക്ക് ഇത് അറിയാമായിരുന്നു. തോമസ് അവ രോട് പറഞ്ഞു: "അവനോടൊപ്പം നമുക്കും പോയി മരിക്കാം" (യോഹ 11:16). അടുത്ത സുഹൃത്തിന്റെ തകർന്ന കുടുംബത്തെ ആശ്ലേഷിക്കുവാ നായി യേശു സ്വന്ത സാഹസത്തിൽ ഇറങ്ങി പുറപ്പെട്ടു. യേശു അനുഭവി ച്ചറിഞ്ഞ ദൈവസ്നേഹം എല്ലാവരുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിച്ചു.

ഈ തഴക്കങ്ങൾ പരസ്പരപൂരകങ്ങളാണ്. വി. ഗ്രന്ഥത്തിൽനിന്നും രണ്ടു പേജുകൾ നാം പ്രാർത്ഥിക്കുമെങ്കിൽ, നമ്മുടെ പ്രാർത്ഥനാജീവിതം

വളരുകയും നാം മറ്റുള്ളവരോട് ഇതിനെപ്പറ്റി സംസാരിക്കുവാൻ ഒരുങ്ങുകയും ചെയ്യും. ഇതാണ് സുവിശേഷവത്ക്കരണം. എപ്പോൾ നാം ദൈവത്തെ കൂടുതൽ അറിയുമോ അപ്പോൾ നാം നമ്മുടെ അയല്ക്കാരെ തീവ്രമായി സ്നേഹിക്കും. ഈ തഴക്കങ്ങൾ ആധുനിക യുവജനങ്ങളുടെ സ്വഭാവത്തേയും ലക്ഷ്യത്തേയും നിർണയിക്കുന്നതാണ്. ജീവാത്മകമായ ആത്മീയ തഴക്കങ്ങൾ ആർജിക്കുവാനുള്ള ലക്ഷ്യത്തോടെ കൂടുതൽ അർത്ഥപൂർണമായി യുവജനദിനം ആചരിക്കാം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലുള്ള പിരപ്പൻകോട് വച്ച് നമ്മുടെ സഭാതലത്തിലുള്ള യുവജനദിനം ആഘോഷിക്കുന്നതാണ്.

ഈ ദിവസത്തെ വി. കുർബാനയിലെ സ്തോത്രകാഴ്ച ഭദ്രാസന ഫൈനാൻസ് ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് ബന്ധപ്പെട്ട എല്ലാവരെയും ഞാൻ ഓർമ്മപ്പെടുത്തുന്നു. ഈ സ്തോത്രകാഴ്ച ഭദ്രാസന, സഭാതല യുവജന ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്നതാണ്.

ഈ യുവജനദിനത്തിൽ എല്ലാ യുവജനങ്ങളെയും യുവജനശുശ്രൂഷയിൽ പങ്കാളികളായ ഏവരെയും അവരുടെ വിലയേറിയ സേവനങ്ങളെയും സഭ അംഗീകരിക്കുന്നു, ഏറെ ശ്ലാഘിക്കുന്നു എന്ന് അത്യധികം സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കെല്ലാവർക്കും ഒന്നുചേർന്ന് യുവജനങ്ങളെ അവരുടെ ജീവിതത്തിന്റെ ശില്പികളായി തീരുന്നതിന് യുവജന-സൗഹൃദ വേദികൾ അടിസ്ഥാനതലങ്ങളിൽ നൽകി അവരെ ശാക്തീകരിക്കാം.

ദൈവം നിങ്ങളെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

സ്നേഹാശിർവാദങ്ങളോടെ



✠ **വിൻസെന്റ് മാർ പൗലോസ്**

ചെയർമാൻ, യുവജനങ്ങൾക്കുവേണ്ടിയുള്ള സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ



# THE SYRO MALANKARA CATHOLIC CHURCH
## Eparchy of Mavelikara

**Dr. Joshua Mar Ignathios**
**Bishop of Mavelikara**

**Amalagiri Catholic Bishop's House**
**Punnamoodu, Mavelikara - 690 101**

**Circular No. 05/ 2014**

വന്ദ്യ കോർ - എപ്പിസ്കോപ്പാമാരേ, റമ്പാച്ചൻമാരേ, ബഹു. വൈദികരേ, സന്യസ്തരേ, ശെമ്മശന്മാരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

കനത്തമഴയും പ്രളയവും ബാധിച്ച് തകർന്നടിഞ്ഞ കാശ്മീരിലെ ജനങ്ങളുടെ ദുരിതങ്ങൾ പത്ര മാധ്യമങ്ങളിലൂടെ നാം അറിഞ്ഞിരിന്നുവല്ലോ. സമ്പത്തും സൗകര്യങ്ങളുമെല്ലാം ഉണ്ടായിരുന്നവരാണ് കാശ്മീർ ജനത. ആഭ്യന്തര ടൂറിസത്തിലൂടെ അവർ ഏറെ അഭിവൃദ്ധി പ്രാപിച്ചു. എന്നാൽ നിമിഷങ്ങൾക്കുള്ളിൽ അവർ ഒന്നുമില്ലാത്തവരായിരിക്കുന്നു. ഭൂമിയിലെ സ്വർഗ്ഗം എന്ന് അറിയപ്പെട്ടിരുന്ന കാശ്മീർ ഇന്ന് ശവപറമ്പായി മാറിയിരിക്കുന്നു.

ഒരു നൂറ്റാണ്ടിനിടയിൽ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള തുടർച്ചയായ മഴ കാശ്മീരിനെ ദുരിതത്തിലാഴ്ത്തി. ഇരുനൂറ്റമ്പതിലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ആറുലക്ഷത്തിലധികം ആളുകൾക്ക് ഭവനങ്ങളും ജീവിതോപാധികളും നഷ്ടപ്പെട്ടു. ഇതൊരു ദേശീയ ദുരന്തമായി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുകയും ചെയ്തു. സാധ്യമായ എല്ലാ വിധത്തിലും കശ്മീരിനെ സഹായിക്കുകയും പുനർ നിർമ്മാണത്തിൽ പങ്കുചേരുകയും ചെയ്യാൻ ഇന്ത്യയിലും വിദേശത്തുമുള്ള മനുഷ്യസ്നേഹികൾ ഈ സന്ദർഭത്തിൽ ഒത്തുചേരുന്നു. ജീവനും വീടും സ്വത്തും ക്ഷേത്രങ്ങളും സ്കൂളുകളും പള്ളികളും തങ്ങൾക്കുള്ളതെല്ലാം നഷ്ടപ്പെട്ടവരോട് അനുഭാവം പ്രകടിപ്പിക്കുവാനും കഴിയുന്ന രീതിയിൽ അവരെ സഹായിക്കുവാനും നമുക്ക് കടമയുണ്ടെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സംഘ

ത്തിന്റെ അദ്ധ്യക്ഷനും നമ്മുടെ സഭയുടെ തലവനും പിതാവുമായ അഭി വന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് കാതോലിക്കാ ബാവാ തിരു മനസ്സ്  ഭാരത ജനതയോട് അഭ്യർത്ഥിക്കുന്നു.

വേദനിക്കുന്നവരോടൊപ്പം വേദനിക്കുവാനും അവരുടെ ദുഃഖത്തിൽ പങ്കുപറ്റിക്കൊണ്ട് അവരെ ആശ്വസിപ്പിക്കാനും നമുക്ക് സാധിക്കണം. സങ്കട പ്പെടുന്നവരിൽ ക്രിസ്തുവിന്റെ തകർക്കപ്പെട്ട മുഖം കാണുവാൻ നമുക്ക് കഴിയണം. കാശ്മീരിലെ സഹോദരങ്ങളോടുള്ള നമ്മുടെ ഐക്യദാർഢ്യം സഹാനുഭൂതി, പ്രാർത്ഥന, ഉദാരമായ സഹായം എന്നിവ വഴി നമുക്ക് പ്രകടിപ്പിക്കാം. പ്രകൃതി ദുരന്തത്തിന്റെ തീവ്രത അനുഭവിക്കുന്ന സഹോ ദരങ്ങളോട് നമുക്ക് കാരുണ്യപൂർവ്വം പക്ഷം ചേരാം.

പ്രളയബാധിതർക്കുവേണ്ടി വി. കുർബാനയിൽ പ്രാർത്ഥിക്കുകയും അവർക്ക് വേണ്ടി ഒക്ടോബർ 19-നു മുൻപുള്ള ഏതെങ്കിലും ഒരു  ഞായ റാഴ്ച കാണിക്ക എടുക്കേണ്ടതുമാണ്. ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഒക്ടോബർ 22 ന് മുമ്പ് ഭദ്രാസന സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കുക. നമ്മുടെ സാമൂഹ്യക്ഷേമ കാര്യാലയം (ചേതന) ഈ തുക കാരിത്താസ്-ഇൻഡ്യയെ ഏല്പിക്കുകയും പുനർനിർമ്മാണ പ്രവർത്ത നങ്ങളിൽ സഹകരിക്കുകയും ചെയ്യുന്നു. ഭദ്രാസനത്തിലെ എല്ലാ ഇടവ കകളും ആശ്രമങ്ങളും മഠങ്ങളും സ്ഥാപനങ്ങളും അഭ്യുദയകാംക്ഷികളും ഈ കാരുണ്യ യജ്ഞത്തിൽ സഹകരിക്കേണ്ടതാണ്.

നമ്മുടെ രക്ഷകനും നാഥനുമായ യേശുനാഥൻ കാശ്മീരിലെ സഹോദരങ്ങളെ സംരക്ഷിക്കുകയും നമ്മുടെ സന്മനസ്സിനെ അനുഗ്രഹി ക്കുകയും ചെയ്യട്ടെ.

എന്ന്,



**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

അമലഗിരി
04 ഒക്ടോബർ 2014



# അമലഗിരി വാർത്തകൾ

**പ്രാർത്ഥനാശംസകൾ**

റോട്ടറിക്ലബ് ഇന്റർ നാഷണലിന്റെ സാമൂഹ്യതിന്മകൾക്കെ തിരെയുള്ള ക്രിയാത്മകമായ സാമൂഹ്യപ്രവർത്തന അവാർഡ് (ഗാ ന്ധിജി പുരസ്ക്കാരം) അഭിവന്ദ്യ പിതാവിന് ലഭിച്ചു. 16 സെപ്റ്റം ബർ 2014 ൽ തിരുവന്തപുരത്തുവെച്ചുനടന്ന റോട്ടറി സമ്മേളനത്തിൽ ടൂറിസം വകുപ്പ് മന്ത്രി ശ്രീ. എ. പി. അനിൽകുമാർ പുരസ്കാരം സമ്മാനിച്ചു. വന്ദ്യ പിതാവിന് ഭദ്രാസന മക്കളുടെ അഭിനന്ദനാശം സകൾ!

**ആലോചനായോഗങ്ങൾ**

ഭദ്രാസനത്തിലെ എപ്പാർക്കിയൽ കൺസൾട്ടേഴ്സ്, പ്രസ്ബി റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ എന്നിവയുടെ കൂടി യാലോചനായോഗങ്ങൾ 06 ഒക്ടോബർ 2014 ഉച്ചകഴിഞ്ഞ് 2.30 മുതൽ അമലഗിരി അരമനയിൽ സമ്മേളിക്കുന്നു.

**അനുമോദനം**

രാഷ്ട്രപതിയുടെ മികച്ച അധ്യാപകനുള്ള ദേശീയ പുരസ്കാരം കരസ്ഥമാക്കിയ മാവേലിക്കര ഭദ്രാസനാംഗവും തിരുവനന്തപുരം സർവ്വോദയ സ്കൂൾ പ്രിൻസിപ്പാളുമായ ജോർജ് മാത്യൂ കരൂർ അച്ചന് അമലഗിരി അരമനയിൽ സ്വീകരണം നൽകി. 2014 സെപ്റ്റംബർ 9 വൈകിട്ട് അമലഗിരി അരമനയിൽ കൂടിയ അനുമോദന സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് ഭദ്രാസനത്തിന്റെ ഉപഹാരം നല്കി. അനുമോദന സമ്മേളനത്തിൽ വന്ദ്യ മോൺസി ഞ്ഞോർ ജോർജ്ജ് ചരുവിള കോർ എപ്പിസ്കോപ്പാ, പെരിയ ബഹുമാനപ്പെട്ട ഗീവർഗീസ് ചരുവിള, ശ്രീ. രാജു പി. വർഗ്ഗീസ്, ഫാ. മാത്യൂസ് കുഴിവിള എന്നിവർ പ്രസംഗിച്ചു.

**റീജന്റ്സ്**

പ്രായോഗിക പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ബ്രദർ പീറ്റർ കാവിന്റെ തെക്കേതിൽ മൈനർ സെമിനാരിയിലും ബ്രദർ ജോർജ് പുളിവിള അമലഗിരി അരമനയിലും ഒക്ടോബർ 6-ാം തീയതി മുതൽ ശുശ്രൂഷ ആരംഭിച്ചിരിക്കുന്നു.

# മാർ ഈവാനിയോസ് മൈനർ സെമിനാരി

ഓണം അവധിക്ക് ശേഷം സെമിനാരിക്കാർ സെപ്റ്റംബർ 12-ന് സെമിനാരിയിൽ തിരികെ എത്തിച്ചേർന്ന് പഠനം ആരംഭിച്ചു.

ബത്തേരിയിൽ വച്ച് നടത്തപ്പെട്ട പുനരൈക്യ ആഘോഷങ്ങളിൽ സെമിനാരിയിൽ നിന്നും ബഹു. വൈദീകരും ബ്രദേഴ്സും പങ്കെടുത്തു.

ഈ വർഷത്തെ വാർഷിക ധ്യാനം സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 4 വരെ, ബഹു. ലൂക്കോസ് കന്നിമേൽ അച്ചന്റെ നേതൃത്വത്തിൽ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

കഴിഞ്ഞ 6 മാസക്കാലമായി മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ റീജൻസി നടത്തിക്കൊണ്ടിരുന്ന ബ്രദർ ജോർജ് പുലിവിളയ്ക്ക് സെമിനാരി കുടുംബത്തിന്റെ സ്നേഹപൂർവ്വമായ നന്ദി. പുതിയ പ്രവർത്തന മേഖലയിലേക്ക് എല്ലാവിധ ആശംസകളും, പ്രാർത്ഥനയും. പുതുതായി എത്തിയിരിക്കുന്ന ബ്രദർ കാവിന്റെ തെക്കേതിൽ പീറ്ററിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ....

# പ്രബോധന

**അദ്ധ്യാപക സംഗമം - പുത്തൂർ വൈദികജില്ല**

2014 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെ അമ്പലത്തുംകാല സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തുന്നു. മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജ് അദ്ധ്യാപകൻ ശ്രീ. ജോജു ജോൺ ക്ലാസ്സ് നയിക്കും.

**ഒന്നാം സെമസ്റ്റർ പരീക്ഷ**



2014 നവംബർ 2-ാം തീയതി അതാത് ഇടവകകളിൽ വച്ച് ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ പരീക്ഷ നടത്തപ്പെടുന്നതാണ്. ചോദ്യപേപ്പർ ജില്ലാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

**സർഗ്ഗോത്സവം 2014**

**വിഭാഗങ്ങൾ**

1. **നഴ്സറി വിഭാഗം** (2009 ജനുവരി 1 -നു ശേഷം ജനിച്ചവർ)
2. **സബ് ജൂനിയേഴ്സ്** (2006 ജനുവരി 1 - 2008 ഡിസംബർ 31)
3. **ജൂനിയേഴ്സ്** (2003 ജനുവരി 1 - 2005 ഡിസംബർ 31)
4. **ഇന്റർ മീഡിയറ്റ്** (2000 ജനുവരി 1 - 2002 ഡിസംബർ 31)
5. **സീനിയേഴ്സ്** (1996 ജനുവരി 1 - 1999 ഡിസംബർ 31)

(19 വയസ്സ് വരെ പങ്കെടുക്കാം.)

**രചനാമത്സരങ്ങൾ:**

ജില്ലാ കേന്ദ്രങ്ങളിൽ വച്ച് 2014 നവംബർ 3 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ. 10 മുതൽ 11 വരെ ചെറുകഥാ രചന, 11 മുതൽ 12 വരെ കവിതാരചന, 12 മുതൽ 1.30 വരെ ചിത്രരചന, 1.45 മുതൽ 2.45 വരെ ഉപന്യാസരചന, 3 മുതൽ 3.15 വരെ വേദവാക്യരചന, 3.30 മുതൽ 3.45 വരെ ബൈബിൾ ക്വിസ്. (കളറിംഗ് 10.30 മുതൽ 11.15 വരെ, ബൈബിൾ പദപരിചയം 11.30 മുതൽ 11.45 വരെ).

**നേഴ്സറി വിഭാഗം**

1. കളറിംഗ് - 45 മിനിറ്റ് (മത്സരസമയത്ത് കളറിംഗിനുള്ള ചിത്രം നൽകുന്നതായിരിക്കും)
2. ബൈബിൾ പദപരിചയം -15 മിനിറ്റ് (പുതിയ നിയമത്തിലേയും പഴയനിയമത്തിലേയും പദങ്ങൾ എഴുതാവുന്നതാണ്)

**സബ് ജൂനിയേഴ്സ്**

1. കളറിംഗ് - 45 മിനിറ്റ് (മത്സരസമയത്ത് കളറിംഗിനുള്ള ചിത്രം നൽകുന്നതായിരക്കും)
2. ബൈബിൾ പദപരിചയം -15 മിനിറ്റ് (പുതിയ നിയമത്തിലേയും പഴയനിയമത്തിലേയും പദങ്ങൾ എഴുതാവുന്നതാണ്.

**ജൂനിയേഴ്സ്**

1. ബൈബിൾ ക്വിസ്: 15 മിനിറ്റ് (വി. ലൂക്കാ 13 മുതൽ 24 വരെ അദ്ധ്യായങ്ങൾ, വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ,

പൊതുവിജ്ഞാനം)

2. വേദവാക്യരചന (15 മിനിറ്റ്) : (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം)

3. ചിത്രരചന - വാട്ടർ കളർ (90 മിനിറ്റ്)

**ഇന്റർ മീഡിയറ്റ്**

1. ബൈബിൾക്വിസ് - 15 മിനിറ്റ് (വി. ലേവ്യർ 15 മുതൽ 27 വരെ, വി. ലൂക്കാ. 13 മുതൽ 24, വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, പൊതുവിജ്ഞാനം)

2. വേദവാക്യമത്സരം - 15 മിനിറ്റ് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം)

3. ചിത്രരചന - വാട്ടർ കളർ (90 മിനിറ്റ്)

4. ചെറുകഥാ രചന (60 മിനിറ്റ്) 5. കവിതാ രചന (60 മിനിറ്റ്)

6. ഉപന്യാസ രചന (60 മിനിറ്റ്)

**വിഷയങ്ങൾ**

1. ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ കുടുംബം നേരിടുന്ന വെല്ലുവിളികൾ.

2. ദൈവസമ്പാദനമാണ് ദൈവസേവനത്തേക്കാൾ അത്യുത്തമം (ദൈവദാസൻ മാർ ഈവാനിയോസ്).

**സീനിയേഴ്സ്**

1. ബൈബിൾ ക്വിസ് - 15 മിനിറ്റ് (ലേവ്യർ 15 മുതൽ 27 വരെ, വി. ലൂക്കാ. 13 മുതൽ 24 വരെ, വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, പൊതുവിജ്ഞാനം)

2. വേദവാക്യമത്സരം - 15 മിനിറ്റ് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം)

3. ചിത്രരചന - വാട്ടർ കളർ (90 മിനിറ്റ്)

4. ചെറുകഥാ രചന (60 മിനിറ്റ്) 5. കവിതാ രചന (60 മിനിറ്റ്)

6. ഉപന്യാസ രചന (60 മിനിറ്റ്)

**വിഷയങ്ങൾ**

1. മദ്യവും മയക്കുമരുന്നും വരുത്തിവയ്ക്കുന്ന വിനകൾ.



2. ഫ്രാൻസീസ് മാർപാപ്പ കാലത്തിന്റെ പ്രവാചകൻ.

**നിർദ്ദേശങ്ങൾ**

1. മത്സരാർത്ഥികൾ സണ്ടേസ്കൂൾ റഗുലറായി പഠിക്കുന്നവരായിരിക്കണം.

2. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് കുട്ടികളുടെ ഡയറിയും, ഐ.ഡി. കാർഡും നിർബന്ധമായിരിക്കും.

3. ജില്ലാതല ബൈബിൾ ക്വിസ് മത്സരത്തിന് കേന്ദ്രത്തിൽ നിന്ന് ചോദ്യപേപ്പർ തയ്യാറാക്കി നൽകുന്നതാണ്.

4. വേദവാക്യരചനയ്ക്ക് കുട്ടികളുടെ ഡയറിയിൽ കൊടുത്തിരിക്കുന്ന വാക്യങ്ങൾ മാത്രമേ എഴുതാവൂ.

**കലാമത്സരങ്ങൾ**

**നഴ്സറി വിഭാഗം**

1. അഭിനയ ഗാനം (ആക്ഷൻ സോംഗ്) (3 മിനിറ്റ്)

2. ബൈബിൾ കഥ (5 മിനിറ്റ്)

**സബ് ജൂനിയർ -**

1. അഭിനയ ഗാനം (ആക്ഷൻ സോംഗ്) (3 മിനിറ്റ്)

2. ബൈബിൾ കഥ (5 മിനിറ്റ്)

**ജൂനിയേഴ്സ് കലാമത്സരങ്ങൾ**

1. ലളിതഗാനം (5 മിനിറ്റ്)

2. ബൈബിൾ വായന (3 മിനിറ്റ്)

3. പ്രസംഗം (5 മിനിറ്റ്)

**വിഷയം**

a. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക (മത്താ. 22:39)

**ഇന്റർ മീഡിയറ്റ്**

1. ലളിതഗാനം (5 മിനിറ്റ് ) - (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം)

2. ബൈബിൾ വായന (3 മിനിറ്റ്) 3. പ്രസംഗം (5 മിനിറ്റ്)

**വിഷയം**

a. ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം (സുഭാ. 9:10)

**സീനിയേഴ്സ്**

1. ലളിതഗാനം (5 മിനിറ്റ്) - (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം)

2. മോണോ ആക്ട് (5 മിനിറ്റ് - ബൈബിൾ വിഷയം മാത്രം)

3. പ്രസംഗം (5 മിനിറ്റ്)

**സംഘയിനങ്ങൾ**

**1. ആരാധനാ ഗീതം** (7 പേർ, 7 മിനിറ്റ്) - സ്ത്രീകളുടെ ശവസംസ്കാരം മൂന്നും നാലും ശുശ്രൂഷകൾ.

മത്സരസമയത്ത് നൽകുന്ന ഗീതങ്ങൾ മാത്രമേ പാടുവാൻ പാടുള്ളൂ.

**2. മാർഗ്ഗംകളി** (പെൺകുട്ടികൾ മാത്രം 7 പേർ, 7 മിനിറ്റ്)

**മാനദണ്ഡങ്ങൾ** : വേഷം, ഭാവം, താളം, ചുവട്, കൈചലനങ്ങൾ, കൈമുദ്രകൾ (പതാകകളും, മുദ്രാവാക്യങ്ങളും), മണ്ഡലങ്ങൾ, പാട്ട് എന്നിവ

**ബൈബിൾ നാടകം** (10 മിനിറ്റ്, 10 പേർ) വിഷയം: യോഹ. 21-ാം അദ്ധ്യായം 1 മുതൽ 19 വരെ

1. പരമാവധി 10 പേർക്ക് പങ്കെടുക്കാം.

2. നിശ്ചിത വിഷയം നാടക രൂപത്തിൽ തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്.

3. ബൈബിൾ ഭാഗത്തോട് പൂർണ്ണമായും നീതി പുലർത്തേണ്ടതാണ്.

4. പശ്ചാത്തല സംഗീതം ഉപയോഗിക്കാം.

5. ടീമിന് നിശ്ചിത യൂണിഫോം മേക്കപ്പ് എന്നിവ ഉപയോഗിക്കാം.

**ലളിതഗാനം**

ലളിതഗാനം മനഃപാഠമായി പാടേണ്ടതാണ്. പേപ്പർ നോക്കി പാടുവാൻ പാടില്ല. ക്ലാസ്സിക്കൽ ഗാനങ്ങൾ പരിഗണിക്കുന്നതല്ല. സെമി ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമാണ്.

**ബൈബിൾ വായന** (3 മിനിറ്റ്) - ബൈബിൾ എടുക്കുന്നത്, വായനയുടെ ആരംഭം, അവസാനിക്കൽ, സ്ഫുടത, ഭക്തി എന്നിവ



യാണ് വിലയിരുത്തുന്നത്.

**നിർദ്ദേശങ്ങൾ**

1. മത്സരാർത്ഥികൾ സണ്ടേസ്കൂൾ റഗുലറായി പഠിക്കുന്നവരായിരിക്കണം.

2. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് കുട്ടികളുടെ ഡയറിയും, ഐ.ഡി. കാർഡും നിർബന്ധമായിരിക്കും.

4. ഇടവകകളിൽ നിന്ന് ഒന്നാം സ്ഥാനം നേടുന്നവർ ജില്ലയിലും, ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർ ഭദ്രാസനത്തിൽ മത്സരിക്കാൻ അർഹരാണ്.

5. സീനിയേഴ്സിന്റെ പ്രസംഗവിഷയം മത്സര സമയത്ത് നൽകുന്നതാണ്.

6. മത്സര സമയത്തും അതിനുശേഷവും ജഡ്ജസ്സുമായി മത്സര സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്യുവാൻ പാടുള്ളതല്ല. പരാതികൾ ജില്ലാ ഡയറക്ടറെയും രൂപതാതലത്തിൽ രൂപതാ ഡയറക്ടറെയും രേഖാമൂലം നിശ്ചിത ഫീസോടുകൂടി അറിയിക്കാവുന്നതാണ്.

**തീയതികൾ - കലാ മത്സരങ്ങൾ**

1. ഇടവകതലത്തിൽ 2014 നവംബർ 15-ന് പൂർത്തിയാക്കേണ്ടതാണ്.

2. ജില്ലാതലത്തിൽ 2014 ഡിസംബർ 31 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

3. ഭദ്രാസനതലത്തിൽ 2015 ജനുവരി 26 തിങ്കൾ - തുവയൂർ ഇൻഫന്റ് ജീസസ്സ് സ്കൂളിൽ.

**അദ്ധ്യാപക സർഗ്ഗോത്സവം - 'ഗുരു 2014'**

**രചനാമത്സരം -** 2014 നവംബർ 3 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ ജില്ലാ കേന്ദ്രങ്ങളിൽ വച്ച്.

**മതാദ്ധ്യാപക രചനാ മത്സരം 2014**

1. ക്വിസ് (ലേവ്യ. 16 - 27, ലൂക്കാ 13 - 24, വി. യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, പൊതുവിജ്ഞാനം)

2. ഉപന്യാസരചന (മത്സര സമയത്ത് വിഷയം നൽകുന്നതാണ്)

3. കവിതാ രചന (മത്സര സമയത്ത് വിഷയം നൽകുന്നതാണ്)

4. വേദവാക്യ രചന (മതാദ്ധ്യാപക ഡയറിയിൽ കൊടുത്തിരിക്കുന്ന

വേദവാക്യം എഴുതേണ്ടതാണ്)

**രചനാമത്സരങ്ങൾ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് – 2014 നവംബർ 3 തിങ്കളാഴ്ച**

രാവിലെ 9.30 മുതൽ 10.30 വരെ ഉപന്യാസ രചന, രാവിലെ 10.45 മുതൽ 11.45 വരെ കവിതാ രചന,

ഉച്ചയ്ക്ക് 12.00 മുതൽ 12.15 വരെ ക്വിസ്, ഉച്ചയ്ക്ക് 12.30 മുതൽ 12.45 വരെ വേദവാക്യ രചന.

**കലാമത്സരം – 2015 ജനുവരി 26 തിങ്കളാഴ്ച, തുവയൂർ ഇൻഫന്റ് ജീസസ്സ് സ്കൂളിൽ വച്ച്**

1. ലളിതഗാനം (5 മിനിറ്റ്) *(അദ്ധ്യാപകനും അദ്ധ്യാപികയ്ക്കും പ്രത്യേകം)* 2. പ്രസംഗം (5 മിനിറ്റ്)

**നിർദ്ദേശങ്ങൾ**

1. മത്സരാർത്ഥികൾ സണ്ടേസ്കൂൾ പഠിപ്പിക്കുന്നവരായിരിക്കണം. ഐ.ഡി. കാർഡ് നിർബന്ധമാണ്.
2. പ്രസംഗവിഷയം മത്സരത്തിന് മുമ്പ് നൽകുന്നതായിരിക്കും.
3. വേദവാക്യരചന – അദ്ധ്യാപക ഡയറിൽ നിന്നുള്ള വേദവാക്യം എഴുതേണ്ടതാണ്.
4. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന വ്യക്തിയെ അദ്ധ്യാപക പ്രതിഭയായി തിരഞ്ഞെടുക്കും.

# കെ.സി.എസ്.എൽ

2014–15 വർഷത്തെ കെ.സി.എസ്.എൽ.ന്റെ പ്രവർത്തനോദ്ഘാടനം ജൂലൈ മാസം 29–ാം തീയതി മാർ ബസേലിയോസ് പബ്ലിക് സ്കൂളിൽ വച്ച് ഭദ്രാസന ഡയറക്ടർ ഫാ. ഫ്രാൻസിസ് പ്ലാവറകുന്നിൽ നിർവ്വഹിക്കുകയുണ്ടായി. സ്കൂൾ വൈസ് പ്രിൻസിപ്പാൾ ശ്രീമതി അന്നമ്മ ഡാനിയേൽ കെ.സി.എസ്.എൽ. കോ–ഓർഡിനേറ്റർ ശ്രീ. ജോജി വർഗ്ഗീസ് എന്നിവർ സന്നിഹിതരായിരുന്നു. തദവസരത്തിൽ 2014–15 വർഷത്തേയ്ക്കുള്ള മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയുണ്ടായി. 2014–15 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളായ 'സേവനനിരതയായ സഭ' 'ഫ്ളോർ വേർമ്മേല' എന്നീ പുസ്തകങ്ങൾ ഇതിനോടകം തന്നെ എല്ലാ യൂണിറ്റുകളിലുമെത്തിക്കുകയുണ്ടായി. സാഹിത്യോത്സവ മത്സരങ്ങൾ മാർഗ്ഗ രേഖയിൽ കൊടുത്തിരിക്കുന്ന പ്രകാരം സെപ്റ്റംബർ മാസം നടത്തുകയുണ്ടായി.

**ശതാബ്ദി സാഹിത്യോത്സവം: 2014 ഒക്ടോബർ 11, ചങ്ങനാശ്ശേരി**

കേരള കത്തോലിക്കാ വിദ്യാർത്ഥി സംഘ്യം അതിന്റെ ശതാബ്ദിയുടെ പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ, പ്രൗഢഗംഭീരമായ ശതാബ്ദി ആഘോഷങ്ങൾക്കുവേണ്ടി, സംസ്ഥാന ഘടകവും ഭദ്രാസന ഘടകവും ഒരുങ്ങുകയാണ്. ഒരുക്കങ്ങളുടെ ഭാഗമായി ഈ വർഷത്തെ സാഹിത്യോത്സവം സംസ്ഥാന ഘടകത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ സ്കൂളുകളെയും ഉൾപ്പെടുത്തി, കൂടുതൽ പങ്കാളിത്വം ഉറപ്പുവരുത്തി നടത്തുകയാണ്. ഒരു വിദ്യാലയത്തിൽ നിന്നും ഒരിനത്തിൽ അഞ്ചു വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. ഒരിനത്തിനു 25/– രൂപാ രജിസ്ട്രേഷൻ ഫീസ് ആയി അടയ്ക്കേണ്ടതാണ്. വിജയികൾക്ക് 1000/–, 750/–, 500/– എന്നീ ക്യാഷ് അവാർഡുകൾ യഥാക്രമം നൽകുന്നതാണ്. ആയതിനാൽ ഭദ്രാസനതലത്തിൽ ഈ വർഷം സാഹിത്യോത്സവം ഉണ്ടായിരിക്കുന്നതല്ല.

1. കൂടുതൽ വിവരങ്ങൾക്ക്, കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടറി കാണുക.
2. ഓൺലൈനായി രജിസ്ട്രേഷൻ നടത്തുക. നാം തെക്കൻ മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ട് ചങ്ങനാശ്ശേരി അതിരൂപതാ പോർട്ടലിൽ രജിസ്ട്രേഷൻ നടത്തുക.
3. സ്റ്റഡി സർക്കിൾ വിഷയങ്ങൾ

1. യു.പി: സമാധാനത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരാകാനുള്ള വിളിയാണ് ക്രൈസ്തവ ജീവിതം.

2. എച്ച്.എസ്: ദൈവ സ്നേഹത്തിൽ നിന്നും ഉറവെടുക്കാത്ത മാനവസേവ വ്യക്തി പൂജയാകുന്നു.

3. എച്ച്.എസ്.എസ്: നിങ്ങൾ ചെയ്യാതെ പോകുന്ന കാരുണ്യ പ്രവർത്തികൾ നിങ്ങൾ വരുത്തിവയ്ക്കുന്ന അനീതികളാണ്.

4. രജിസ്ട്രേഷൻ നടത്തേണ്ട വെബ്സൈറ്റ് അഡ്രസ്സ്:

1. www.kcsl.in/sahithiolsavam

2. രജിസ്ട്രേഷൻ ഫീസ് ബാങ്ക് വഴി ഡി.ഡി. ആയി അടയ്ക്കാവുന്നതാണ്. DD: kerala catholic, students League എന്ന പേരിൽ എടുത്ത് - KCSL, State Office, Palarivattom, POC, Ernakulam എന്ന അഡ്രസ്സിൽ അയയ്ക്കുക.

ബാങ്ക് ട്രാൻസ്ഫറിന്: Catholic Syrian Bank, Pattom, TVM
A/c. Name Kerala Catholic Students League
A/c. No. 298 - 3483556 - 190001
IFSC code CSBK0000298

# ചേതന

## സ്കൂൾ ഔഷധ സസ്യോദ്യാന പദ്ധതി

സംസ്ഥാന ഔഷധ സസ്യബോർഡിന്റെ സഹകരണത്തോടെ ആലപ്പുഴ ജില്ലയിലെ സ്ക്കൂളുകളിൽ നടപ്പിലാക്കുന്ന സ്ക്കൂൾ ഔഷധ സസ്യോദ്യാനത്തിന്റെ കായംകുളം എസ്. എൻ വിദ്യാപീഠത്തിലെ ഉദ്ഘാടനം കൃഷി ഓഫീസർ ശ്രീമതി ജെ. ശ്രീജയ നിർവ്വഹിച്ചു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത്, പ്രോഗ്രാം ഓഫീസർ ശ്രീ. സി. ജി. സാംകുട്ടി എന്നിവർ പ്രസംഗിച്ചു.

## ABCD (Action to Build Capacity for Development) Project പരിശീലന ക്യാമ്പ്

കമ്മ്യൂണിറ്റി ഓർഗനൈസർ, ആനിമേറ്റർ, ചേതനയിലെ സ്റ്റാഫ്



എന്നിവർക്കുവേണ്ടിയുള്ള പരിശീലന ക്ലാസ് ഒക്ടോബർ 21, 22 തീയതികളിൽ ചേതന ട്രെയിനിംഗ് സെന്ററിൽ നടത്തുന്നു. ഒക്ടോബർ മാസത്തെ റിജിയണൽ മിറ്റിംഗ് ഉണ്ടായിരിക്കുന്നതല്ല.

## റീജിയണൽ ഡയറക്ടേഴ്സ് മീറ്റിംഗ്

റീജിയണൽ ഡയറക്ടർന്മാരുടെ യോഗം 2014 ഒക്ടോബർ 22-ാം തീയതി രാവിലെ 10 മണിയ്ക്ക് ചേതനയിലെ സ്റ്റാഫ് അംഗങ്ങളുടെ പരിശീലന പരിപാടിയോടൊപ്പം നടത്തുന്നതാണ്.

## ക്യാൻസർ പരിശീലന ക്യാമ്പ്

ചേതനയും SAFP ഇൻഡ്യയും സംയുക്തമായി SPED III പ്രോഗ്രാമിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ആർ.സി.സിയിലെ വിദഗ്ധ ഡോക്ടർന്മാരുടെ നേതൃത്വത്തിൽ ഒക്ടോബർ 8-ാം തീയതി ബുധനാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ പള്ളിപ്പാട് ഗ്രാമ പഞ്ചായത്തിൽ ആഞ്ഞിലിമൂട്ടിൽ കുടുംബയോഗ ഹാളിൽ സൗജന്യ ക്യാൻസർ പരിശോധനാ ക്യാമ്പ് നടത്തുന്നതാണ്. പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനികൃഷ്ണകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ആലപ്പുഴ ഡെപ്യൂട്ടി ഡി. എം. ഒ ഡോ. ജേക്കബ് വർഗ്ഗീസ്, ഡോ. വിവേക്കുമാർ എന്നിവർ പൊതുസമ്മേളനവും പരിശോധനാ ക്യാമ്പും ഉദ്ഘാടനം ചെയ്യുന്നു. വിവിധ ഇടവകകളിലെ വികാരിമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കുന്നതാണ്.

## NLEP DPMR പ്രവർത്തനം

ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കിഴക്കേ കല്ലട PHC യിൽ 2014 ഒക്ടോബർ 9-ാം തീയതി ത്വക് പരിശോധനാ ക്യാമ്പും ആശാവർക്കേഴ്സ് പരിശീലനവും നടത്തുന്നതാണ്.

## റീജിയണൽ മീറ്റിംഗ്

നവംബർ മാസത്തെ റീജിയണൽ മീറ്റിംഗ് 18-ാം തീയതി അതാത് ജില്ലാകേന്ദ്രങ്ങളിൽ നടക്കുന്നതാണ്.

## സാമൂഹിക ക്ഷേമദിന കാണിക്ക

കൊല്ലം വൈദിക ജില്ലയിലെ 13 ദേവാലയങ്ങളിൽ നിന്നും കട

മ്പനാട് വൈദികജില്ലയിലെ 8 ദേവാലയങ്ങളിൽ നിന്നും മാവേലിക്കര, കറ്റാനം വൈദികജില്ലയിലെ ഒരു ദേവാലയത്തിൽ നിന്നും സാമൂഹികക്ഷേമദിന കാണിക്ക ലഭിച്ചിട്ടില്ല. നൽകുവാനുള്ളവർ എത്രയും വേഗം നല്കണമെന്ന് അറിയിക്കുന്നു.

**കാശ്മീർ റിലീഫ് ഫണ്ട്**

കാശ്മീർ പ്രളയത്തിൽ ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി ഇടവകകളിൽനിന്നും സ്കൂളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സഹായം നല്കുന്നതിന് സി.ബി.സി.ഐ. യുടെ പ്രസിഡന്റ് അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ ആവശ്യപ്പെടുന്നു. സി.ബി. സി.ഐ.യുടെ കാരിത്താസ് ആണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. ഈ സംരംഭത്തോടെ എല്ലാവരും സഹകരിക്കാൻ ആഭ്യർത്ഥിക്കുന്നു.

# മലങ്കര കാത്തലിക് അസോസിയേഷൻ

മലങ്കര കത്തോലിക്കാ സഭയുടെ വത്സലപിതാവും കേരളക്കരയുടെ ധാർമ്മിക ശബ്ദവുമായിരുന്ന ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി നമ്മെവിട്ട് പിരിഞ്ഞിട്ട് 20 വർഷം തികയുന്നു. സഭയ്ക്കും സമൂഹത്തിനും തിരുമേനിയിലൂടെ ലഭ്യമായ നന്മകളെ അനുസ്മരിക്കുന്നതിനും വേണ്ടി മലങ്കര സഭാമക്കൾ ഒത്ത് ചേരുന്നു.

എം.സി.എ. ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 5 ഞായറാഴ്ച ഉച്ചയ്ക്ക് 2.00 ന് പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് അനുസ്മരണ സമ്മേളനവും, മാർ ഈവാനിയോസ് വിദ്യാനിധി – ഉപന്യാസ – ക്വിസ് മത്സരവിജയികൾക്കുള്ള ട്രോഫിയും ക്യാഷ് അവാർഡുകളുടെ വിതരണവും നടത്തപ്പെടുന്നു. അഭിവന്ദ്യ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യും. എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്ത് അനുസ്മരണ സമ്മേളനം ധന്യമാക്കുവാൻ ഏവരെയും ക്ഷണിക്കുന്നു.

**കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റും എം.സി.എ. സഭാതല സമിതിയും ചേർന്ന് നൽകിയ സഹായപദ്ധതി ഗുണഭോക്താക്കളുടെ പേരുവിവരം**

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത മാർക്ക് വാങ്ങിയ വഴുതാനം ഇടവകയിലെ ഷിന്റോ സെബാസ്റ്റ്യൻ. മാർ ബസേലിയോസ് വിദ്യാശ്രീ പുരസ്കാരവും എം.സി.എ. സഭാതലം നൽകിയ വിദ്യാഭ്യാസ സഹായപദ്ധതിയും അമ്പലത്തുംകാല ഇടവകയിലെ ലിനു തങ്കച്ചൻ, കൊല്ലം പെരുമ്പുഴ ഇടവകയിലെ ലിഥിൻ തോമസും.

സ്ക്കൂൾ തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകി വരുന്ന ദൈവദാസൻ മാർ ഈവാനിയോസ് വിദ്യാനിധിക്ക് വെട്ടിയാർ ഇടവകയിലെ ഷിനാ വർഗീസ്, അഭിജിത്ത്, പെരിങ്ങനാട് ഇടവകയിലെ മറിയ ഷിബി, അനിലാ ബിജു, രാമപുരം ഇടവകയിലെ ആൻസി കെ., ശൂരനാട് സൗത്ത് ഇടവകയിലെ അസ്റ്റിൻ യോഹന്നാൻ, കുമ്മല്ലൂർ ഇടവകയിലെ അലീനാ അലക്സ് എന്നിവർ അർഹരായി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

ഭദ്രാസനത്തിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മാവേലിക്കര സെൻട്രൽ കൗൺസിൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ. ജോസ് മാത്യൂവിന്റെയും മറ്റു ഭാരവാഹികളുടെയും സത്യപ്രതിജ്ഞയും കഴിഞ്ഞ 6 വർഷക്കാലം സെൻട്രൽ കൗൺസിൽ പ്രസിഡന്റായിരുന്ന ബ്രദർ. കെ.എസ്. കുര്യാക്കോസിന്റെ യാത്രയയപ്പും ജൂലൈ മാസം 6–ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് പുന്നമ്മൂട് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടന്നു. സമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. ബ്രദർ ജോർജ്ജുകുട്ടി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ബ്രദർ ഷാജി ജോർജ് സ്വാഗതവും, സൊസൈറ്റിയുടെ ആത്മീയ ഉപദേ

ഷ്ടാവ് ഫാ. റോബർട്ട് പാലവിളയിലും കത്തീഡ്രൽ വികാരി വന്ദ്യ ജോൺ പുത്തൻവിളയിൽ കോർ-എപ്പിസ്കോപ്പായും സന്ദേശം നൽകി. പുതിയ പ്രസിഡന്റിന് കേരള റീജിയണൽ കോ-ഓർഡിനേറ്റർ ബ്രദർ ഇ.എം. ഗീവർഗീസും മറ്റ് ബോർഡ് അംഗങ്ങൾക്ക് പ്രസിഡന്റും സത്യവാചകം ചൊല്ലിക്കൊടുത്തു. ബ്രദർ. ടി.എം. ജേക്കബ് ആശംസയും ബ്രദർ. കുര്യാക്കോസ് കെ.സ്. മറുപടി പ്രസംഗവും ബ്രദർ ജോസ് മാത്യൂ നന്ദിയർപ്പിക്കുകയും ചെയ്തു. 2013-2014 വർഷത്തിലെ സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് അഭിവന്ദ്യ പിതാവ് വിതരണം ചെയ്യുകയും ചെയ്തു.

## Mavelikara Central Council 2014-15

**Patron : Most Rev. Dr. Joshua Mar Ignathios**

**Spiritual Advisor : Fr. Robert Palavilayil**

| No. | Name | Office | Address & Ph:No. |
|---|---|---|---|
| 1. | Bro. Jose Mathew | President | Saji Sadanam<br>Kadampanad<br>South P.O - 691553<br>Mob: 9446708362 |
| 2. | Bro. K.S. Kurikose | Vice President | Kochukalickal<br>Bethany,<br>Mankamkuzhy P.O,<br>Alleppey - 690558<br>Mob: 9446066079 |
| 3. | Bro. George Kutty | Vice President | St. Mary's House,<br>Ampalathumkala P.O,<br>Kollam - 691505<br>Mob: 9446593390 |
| 4. | Bro. Shaji George | Secretary | Thanal,<br>Mankamkuzhy P.O,<br>Alleppey -690558<br>Mob: 9446858387 |
| 5. | Bro. Agustine George | Jt. Secretary | Valiya Tharayil,<br>Kaduvinal P.O,<br>Alleppey - 690501<br>Mob: 9446856415 |



| | | | |
|---|---|---|---|
| 6. | Bro. K.V. Abraham | Treasurer | Kaliyanthanathu,<br>Mavelikkara-690101<br>Mob: 9388950557 |
| 7. | Bro. P.J. Antony | Project Officer | Plathara,<br>Mavalikkara-690101<br>Mob: 9447257990 |
| 8. | Bro. K.O. Raju | Twinning Officer | Kadakampallil,<br>Puthoor, Kollam -691507<br>Mob: 9495807635 |
| 9 | Bro. J. Saji | Edn. Scheme Officer | Payickattethu,<br>Kannanakuzhi,<br>Alappey -690505<br>Mob: 9446463238 |
| 10. | Bro. Siju Tom Kuruvila | Youth Rep. | Kumpalathu, Bethaniya,<br>Mankamkuzhy P.O.<br>Mob: 8592931166 |
| 11. | Sr. Esther Joshwa | Twinnage Correspondent | Plavanal House,<br>Karthikapalli P.O.,<br>Mob: 9947573237 |
| 12. | Sr. Valsa Koshy | Lady Rep. | Sharon,<br>Kodukulanji P.O.,<br>Ph: 0479 2369728 |
| 13. | Sr. Anne John | Lady Rep. | Thundil, Kudassanad<br>P.O, Poozhikkadu<br>Mob: 9497401062 |
| 14. | Bro. Koshy T | Extension Officer | Parathundil House,<br>Poruvazhi North,<br>Chathakulam P.O.,<br>Mob: 9447557218 |
| 15. | Bro. David John | Spiritual Formation incharge | Biju Villa,<br>Mankamkuzhi P.O<br>Mob: 9446915770 |

## കുടുംബ പ്രേഷിത കാര്യാലയം

**വിവാഹ ഒരുക്ക ക്യാമ്പ്**

ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക ക്യാമ്പ് 10, 11, 12 തീയതികളിലും, നവംബർ മാസത്തെ ക്യാമ്പ് 7, 8, 9 തീയതികളിലും പഴകുളം പാസ്സിൽ വച്ച് നടത്തപ്പെടുന്നതാണ്. വിവാഹ ഒരുക്ക ക്യാമ്പിൽ കഴിയുന്നത്ര ചെറുപ്പക്കാരെ സംബന്ധിപ്പിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമേ.

## ജീസ്സസ് ഫ്രട്ടേണിറ്റി

**ആലോചനായോഗം**

തടവറയിൽ കഴിയുന്നവരിൽ യേശുവിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് അവരുടെ ഇടയിൽ ജീവകാരുണ്യ പ്രവർത്തിചെയ്യുന്ന കെ.സി.ബി.സി.യുടെ കീഴിലുള്ള ഒരു പ്രേഷിത കൂട്ടായ്മയാണ് ജീസ്സസ്സ് ഫ്രട്ടേണിറ്റി. മാവേലിക്കര ഭദ്രാസനത്തിൽ ജീസ്സസ്സ് ഫ്രട്ടേണിറ്റി രൂപീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു ആലോചനായോഗം 2014 ഒക്ടോബർ 7-ാം തീയതി ഉച്ചയ്ക്ക് 2.00 ന് അമലഗിരി അരമനയിൽ വച്ച് ഭദ്രാസനാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ താത്പര്യമുള്ള വൈദികരും സന്യസ്തരും യുവതീയുവാക്കളും അല്മായരും ഇതിൽ പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.



## സ്മരണീയ ദിനങ്ങൾ

**ഒക്ടോബർ**

01 - വി. കൊച്ചുത്രേസ്യാ

02 - കാവൽ മാലാഖമാർ

03 - അരിയോപാഗസിലെ മാർ ദിവന്നാസിയോസ്

04 - വി. ഫ്രാൻസിസ് അസിസ്സി, മാർ ദുമാത്തിയോസ്

05 - മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം

07 - മാർ സർഗീസും മാർ ബക്കോസും
ജപമാല തിരുനാൾ

09 - ഗോത്രപിതാവായ അബ്രഹാം

10 - ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മ

11 - മാർ പീലിപ്പോസ് ശെമ്മാശൻ,
വി. ജോൺ ഇരുപത്തിമൂന്നാംമൻ മാർപ്പാപ്പ

15 - ആവിലായിലെ വി. അമ്മത്രേസ്യാ

17 - സുവിശേഷകനായ വി. ലൂക്കോസ്

19 - മിഷൻ ഞായർ

20 - ജോയേൽ നിബിയ

22 - മാർ ഹിലാരിയോൻ,
വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ

23 - ഹൽപെയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹാ

28 - ബത്തേരി ഭദ്രാസന സ്ഥാപനദിനം

# *Let us Remember, Congratulate and Pray...*

**OCTOBER**

**Birthday**

| | | |
|---|---|---|
| Fr. Robert Palavilayil | - | October 03 |
| Fr.John Jacob Peroorparambil | - | October 05 |
| Fr. Thomas Panicker Kattanam | - | October 08 |
| Fr. Cheriyan Kolanjikompil | - | October 16 |
| Fr. Sylvester Thekkedath | - | October 25 |

**Feast Day**

| | | |
|---|---|---|
| Fr. Francis Plavarakunnil | - | October 04 |
| Fr. Abraham Pappadiyil | - | October 09 |
| Fr. Abraham Thalothil | - | October 09 |
| Fr. Abraham Lukose Kizhakkedath | - | October 09 |
| Fr. Daniel Mangalathu | - | October 10 |
| Rt. Rev. Daniel Kochuvila Remban | - | October 10 |
| Fr. Daniel Thekkedath | - | October 10 |
| Fr. Lukose Kannimel | - | October 18 |

**Ordination day**

| | | |
|---|---|---|
| Fr. Daniel Mangalath | - | October 19 |
| Fr. Thomas Panicker P. G | - | October 20 |



# Programme Diary of His Grace

**OCTOBER**

| Date | Venue / Function | Time |
|---|---|---|
| 01 | Thodupuzha<br>Puliyoor | 08.30 AM<br>06.00 PM |
| 02 | Kodumon | 11.00 AM |
| 03 | Thottapally | 09.30 AM |
| 04 | Thumpamon<br>Mukhathala | 09.00 AM<br>06.30 PM |
| 05 | Cathedral/<br>Mar Gregorios Anusmaranam | <br>02.30 PM |
| 06 | Amalagiri/ Shalom recordingAmalagiri/<br>Eparchial Consulters', Presbyteral,<br>Finance Council Meet<br>Poruvazhy/ DM Convent | 09.00 AM<br>02.30 PM<br><br>06.30 PM |
| 07 | Amalagiri/ Monthly Recollection<br>Amalagiri/ Prison Ministry | 09.30 AM<br>02.00 PM |
| 08 | Charummoodu<br>Marthandom/ Social Service Meet | 10.00 AM<br>05.00 PM |
| 09 | Cathedral-Pattom/ Mar Gregorios Day | 06.00 PM |
| 10 | Cathedral-Pattom/ Mar Gregorios Day<br>Trivandrum/ UCF Meet | 07.00 PM<br>06.00 PM |
| 11 | Kottarakara<br>Andoor<br>Kattanam<br>Amalagiri/ Trustee, Secretary Meet | 06.30 AM<br>09.30 AM<br>10.30 AM<br>02.00 PM |

| Date | Venue / Function | Time |
|---|---|---|
| 12 | Oonnukal | 08.00 AM |
| | Parakoottam | 04.00 PM |
| 13-30 | Europe | |
| | **NOVEMBER** | |
| 01 | Kumbazha | 10.30 AM |
| 02 | Peroorkada | 07.30 AM |
| | Vazhuvady | 03.30 PM |
| 03 | Puthiyacavu | 10.00 AM |
| | Amalagiri/ Pastoral Council | 02.30 PM |
| | Alappuzha/ Regional Bishop's Meet | 06.00 PM |
| 04 | Alappuzha/ Regional Bishop's Meet | |
| 05-26 | Rome | |



## പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനാ നിയോഗങ്ങൾ

2014 ഒക്ടോബർ

**പൊതുനിയോഗം:** സമാധാനം: യുദ്ധവും അക്രമവുംമൂലം ഛിന്ന ഭിന്നമായ സ്ഥലങ്ങളിൽ ജീവിക്കുന്നവർക്ക് കർത്താവ് സമാധാനം നല്കുന്നതിനുവേണ്ടി.

**പ്രേഷിത നിയോഗം:** ലോകമിഷൻ ദിനം: ലോകമിഷൻ ദിനാചരണം ലോകമെമ്പാടും സുവിശേഷസന്ദേശമെത്തിക്കാനുള്ള തീവ്രാഭി ലാഷം എല്ലാ വിശ്വാസികളിലും ആളിക്കത്തിക്കാൻ.